15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4004 | 15-07-2022 - ൽ മറുപടിയ്ക്ക്

തിരുവനന്തപുരം നഗരസഭയിലെ ധനാപഹരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭ കെട്ടിട നികുതി ഇനത്തിൽ ശേഖരിച്ച തുകയിൽ എത്ര തുകയാണ് ജീവനക്കാർ തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | തിരുവനന്തപുരം നഗരസഭയുടെ 3 സോണൽ ഓഫീസുകളിൽ നിന്നായി നികുതിയിനത്തിൽശേഖരിച്ച ആകെ 32,96,954/- രൂപ തട്ടിയെടുത്തതായി തെളിഞ്ഞിട്ടുണ്ട്.<br>1) നേമം സോണൽ - 26,74,333/- രൂപ<br>2) ശ്രീകാര്യം സോണൽ- 5,12,785//-<br>3) ആറ്റിപ്ര സോണൽ- 1,09,836/- |
| (ബി) | നഗരസഭയുടെ ഏതൊക്കെ സോണൽ ഓഫീസുകളിൽ ഏതൊക്കെ കാലയളവിൽ ജോലി ചെയ്ത ജീവനക്കാരാണ് തട്ടിപ്പിൽ ഉൾപ്പെട്ടത് എന്ന് അറിയിക്കാമോ; | (ബി) | നേമം സോണൽ ഓഫീസിൽ 24/01/2020 മുതൽ 14/07/2021 വരെയും ശ്രീകാര്യം സോണൽ ഓഫീസിൽ 22/01/2021 മുതൽ 06/07/2021 വരെയും ആറ്റിപ്ര സോണൽ ഓഫീസിൽ 11/12/2020ലും ജോലി ചെയ്ത ജീവനക്കാർ |
| (സി) | ജീവനക്കാർ ധനാപഹരണം നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും നഗരകാര്യ ഡയറക്ടർക്കും നഗരസഭാ സെക്രട്ടറി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ട് പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (സി) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>ശ്രീകാര്യം സോണൽ ഓഫീസിലെ കളക്ഷൻ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായും 22/06/2021 ലെ കളക്ഷൻ തുക ബാങ്കിൽ ഒടുക്കിയത് 16/07/2021 ൽ ആണെന്നും ശ്രീകാര്യം സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ 16/07/2021 ൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക ബാങ്കിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ ടി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ബിജുവിനെ തിരുവനന്തപുരം നഗരസഭ സെക്രട്ടറി 19/07/2021 ൽ ജി.എ7/5956/21 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തു. തുടർന്ന് എല്ലാ സോണൽ ഓഫീസുകളിലും അടിയന്തരമായി ഓഡിറ്റ് നടത്തി റിപ്പോർട്ട് നൽകുവാൻ ഓഡിറ്റ് വിഭാഗത്തിന് കത്ത് നൽകി. ടി വിഷയം സംബന്ധിച്ച അന്വേഷണം നടത്തുവാൻ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ |

| | | | |
|---|---|---|---|
| | | | 22/07/2021 ന് കത്ത് നൽകി. ഓഡിറ്റ് വിഭാഗത്തിന്റെ 18/08/21 ലെ KSA 642/TVC9/2021 നമ്പർ കത്ത് പ്രകാരം ശ്രീകാര്യം സോണൽ ഓഫീസിൽ നിന്ന് 22/01/2021 മുതൽ 06/07/2021 വരെയുള്ള കാലയളവിലെ കളക്ഷൻ തുകയായ 5,12,785/- (ആറ് ദിവസത്തെ കളക്ഷൻ തുക) രൂപ നഗരസഭ അക്കൗണ്ടിൽ വരവ് വന്നിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട്സ് വിഭാഗം പരിശോധന നടത്തുകയും, ടി തുക വരവ് വന്നിട്ടില്ലാത്തതിനാൽ ശ്രീകാര്യം സോണൽ ഓഫീസിലെ കാഷ്യറായ ശ്രീ.അനിൽ കുമാറിനെ സർവ്വീസിൽ നിന്നും ജിഎ7/5956/21 നമ്പർ ഉത്തരവ് പ്രകാരം 03/09/21 മുതൽ സസ്പെൻഡ് ചെയ്യുകയും, ആയതിൽ മേൽനോട്ട വീഴ്ച വരുത്തിയ അന്നത്തെ ചാർജ്ജ് ഓഫീസറായ ശ്രീമതി.ലളിതാംബികയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി.ലളിതാംബികയെ തദ്ദേശ സ്വയംഭരണ അർബൻ ഡയറക്ടറുടെ 08/10/2021 തീയതിയിലെ വി1-18212/2021 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. കാഷ്യർക്കും ഓഫീസ് അറ്റൻഡന്റിനും ചാർജ്ജ് മെമ്മോ നൽകുകയും ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുകയും ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ Crime No.1542/2021, U/s: 420.409 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.<br><br>ഓഡിറ്റ് വിഭാഗത്തിന്റെ 20/09/2021 ലെ കത്ത് പ്രകാരം നേമം സോണൽ ഓഫീസിൽ നിന്നും 24/01/2020 മുതൽ 14/07/2021 വരെയുള്ള കാലയളവിലുള്ള 26,74,333/- രൂപ നഗരസഭയുടെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യുകയും ആയതിൽ വീഴ്ച വരുത്തിയ നേമം സോണലിലെ സൂപ്രണ്ട് ശ്രീമതി.ശാന്തി.എസ് നെയും കാഷ്യർ ശ്രീമതി.സുനിത.എസ് നെയും 22/09/2021 മുതൽ സസ്പെൻഡ് ചെയ്യുകയും ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നേമം പോലീസ് സ്റ്റേഷനിൽ 29/09/21 ൽ കത്ത് നൽകുകയും Crime No.1966/2021, U/s: 468,471,420,409,34 IPC പ്രകാരം കേസ് രജിസ്റ്റർ (01/10/21) ചെയ്തിട്ടുമുണ്ട്. |

ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും 11/12/20 ലെ കളക്ഷൻ തുകയായ 1,09,836/- രൂപ ഒടുക്ക് വരുത്താത്തതായുള്ള ഓഡിറ്റ് വിഭാഗത്തിന്റെ 20/09/21 ലെ കത്ത് പ്രകാരം ടി ഓഫീസിലെ കാഷ്യർക്ക് നഗരസഭാ സെക്രട്ടറി മെമ്മോ നൽകുകയും ആയതിൽ മേൽനോട്ട വീഴ്ച വരുത്തിയ ചാർജ്ജ് ഓഫീസർ ശ്രീമതി.സുമതിയെ തദ്ദേശ സ്വയംഭരണ അർബൻ ഡയറക്ടറുടെ 08/10/2021 തീയതിയിലെ വി1-18212/2021 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. ടിയാരി മരണപ്പെട്ടിട്ടുള്ളതാണ്.

ആറ്റിപ്ര സോണൽ ഓഫീസിലെ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയെന്നു കണ്ടെത്തിയ ടി ഓഫീസിലെ ജീവനക്കാരനായ ശ്രീ.ജോർജ്ജ്കുട്ടിയെ 29/09/2022 മുതൽ ജിഎ7/62257/21 നമ്പർ ഉത്തരവ് പ്രകാരം നഗരസഭയിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ നഗരസഭ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ കത്ത് നൽകി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തുക നഷ്ടപ്പെട്ട ദിവസങ്ങളിൽ, ബന്ധപ്പെട്ട ജീവനക്കാർ ഓഫീസിൽ നിന്നും ബാങ്കിൽ തുക അടയ്ക്കാൻ കൊണ്ടു പോയി. എന്നാൽ ബാങ്കിൽ ഒടുക്കാതെ, ബാങ്കിന്റെ കൗണ്ടർ ഫോയിൽ വ്യാജമായി ഉണ്ടാക്കി തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. (മറ്റ് സീലുകൾ പതിപ്പിച്ച്/സീലുകൾ ഇല്ലാത്ത കൗണ്ടർ ഫോയിൽ രജിസ്റ്ററിൽ പതിച്ചുവയ്ക്കുകയുമാണ് ചെയ്തത്) ഇതിൽ പ്രഥമദൃഷ്ട്യാ കാഷ്യർ, ബാങ്കിൽ തുകകൊണ്ടു പോയ ജീവനക്കാരൻ, കൗണ്ടർ ഫോയിൽ പരിശോധിച്ച് ഉറപ്പു വരുത്തുന്ന സൂപ്രണ്ടുമാർ എന്നിവർ യോജിച്ചും ഒറ്റയ്ക്കും കുറ്റക്കാരാണ്. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ കൺകറന്റ് ആഡിറ്റ് സംവിധാനം നഗരസഭയ്ക്കുണ്ട്. എന്നാൽ സോണൽ ഓഫീസുകളിൽ വർഷത്തിൽ ഒരിക്കലാണ് ആഡിറ്റ് ചെയ്യുന്നത്. 2020/21 വർഷങ്ങളിൽ കോവിഡ് ആയതിനാൽ ഓഡിറ്റ് നടന്നിട്ടില്ല. ആയതിനാൽ ടി തട്ടിപ്പ് കൃത്യസമയത്ത് അറിയാൻ കഴിഞ്ഞില്ലെന്നും നിലവിൽ നഗരസഭയ്ക്ക് 32,96,954/- രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്നും ടി തുക കുറ്റക്കാരായ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതുണ്ടെന്നും കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്കെതിരെ Major Punishment സ്വീകരിക്കാനുള്ള നടപടിയും ഇതിന്

| | | | |
|---|---|---|---|
| | | | പുറമെ പോലീസിന്റെ തലത്തിൽ അന്വേഷണവും നടന്നു വരുന്നുണ്ടെന്നും മുകളിൽ സൂചിപ്പിച്ച രീതിയിലുള്ള തട്ടിപ്പുകൾ ഭാവിയിൽ നടക്കാതിരിക്കാൻ വ്യക്തമായ നടപടി ക്രമം വിവരിച്ച്/ഉത്തരവാദിത്വം വിവരിച്ച വിശദമായ സർക്കുലർ 22/09/21, 23/09/21 തീയതികളിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>നികുതിദായകർ/മറ്റുതരം ഫീസുകൾ ഒടുക്കിയവ നഗരസഭ സ്വീകരിച്ചിട്ടുണ്ട്. സ്വീകരിച്ചതിന് ശേഷം നഗരസഭയിൽ നിന്നും ബാങ്കിൽ ഒടുക്കാൻ പോയപ്പോൾ ബാങ്കിൽ ഒടുക്കാതെ വ്യാജരേഖ ചമച്ച്, ബാങ്കിൽ ഒടുക്കിയതായി തെറ്റിദ്ധരിപ്പിച്ചാണ് തട്ടിപ്പ് നടത്തിയത്. ആയതിൽ നഗരസഭയ്ക്ക് നിലവിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. കെട്ടിട ഉടമകൾ നികുതി ഒടുക്കിയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ വളരെ വേഗത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.ആയതിനു ശേഷം കുടിശ്ശികക്കാരുടെ പട്ടിക പ്രസിദ്ധീകരിക്കുകയും അദാലത്ത് നടത്തി പരാതി പരിഹരിച്ചിട്ടുമുണ്ട്. |
| (ഡി) | കെട്ടിട നികുതി ധനാപഹരണം സംബന്ധിച്ച് നഗരസഭ അക്കൗണ്ട്സ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ധനാപഹരണവുമായി ബന്ധപ്പെട്ട് തുടർനടപടികൾക്കായി നഗരസഭ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ; | (ഇ) | നഗരസഭയുടെ സീനിയർ അഡ്വക്കേറ്റായ ശ്രീ.നന്ദകുമാരമേനോന്റെ പക്കൽ നിന്നും നിയമോപദേശം തേടിയിരുന്നു. കുറ്റക്കാരായ ജീവനക്കാർക്കെതിരെ കഠിനശിക്ഷ നൽകുവാൻ നിയമനാധികാരിയായ നഗരകാര്യ ഡയറക്ടർക്ക് മാത്രമേ അധികാരം ഉള്ളൂവെന്നും നിയമോപദേശം ലഭ്യമായിരുന്നു. കൂടാതെ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കാനുള്ള ഉപദേശവും ലഭിച്ചു. |
| (എഫ്) | സംഘടിതമായി അധികാര ദുർവിനിയോഗം നടത്തി പൊതു പണം കവർന്നെടുത്ത ജീവനക്കാർക്കെതിരെ സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറ്റ് എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (എഫ്) | ക്രമക്കേട് കണ്ടെത്തിയ ഉടൻ തന്നെ ബന്ധപ്പെട്ട ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ട്. കുറ്റക്കാരായ ജീവനക്കാരിൽ രണ്ടു പേർ മരണപ്പെട്ടിട്ടുള്ളതിനാൽ ടിയാൾക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിട്ടുണ്ട്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കോടതിയുടെ 19/5/2022 ലെ OA.865/22 നമ്പർ ഉത്തരവ് പ്രകാരം ഒരു ജീവനക്കാരിക്കെതിരെയുള്ള നടപടികൾ രണ്ടു മാസത്തേയ്ക്ക് നിർത്തിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

A12/GA7/65876/21

**നേമം സോണൽ ഓഫീസിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥനായ അക്കൌണ്ട്സ് ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്.**

തിരുവനന്തപുരം നഗരസഭ ശ്രീകാര്യം സോണൽ ഓഫീസിൽ 22.06.2021-ൽ ബാങ്കിൽ ഒടുക്കിയ Pay-in-slip-ലെ അപാകത പരിശോധിച്ചതിൽ ടി തുക ബാങ്കിൽ ഒടുക്കിയതായി കാണാൻ കഴിഞ്ഞില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സോണൽ ആർ.ഐ ബഹു: നഗരസഭാ സെക്രട്ടറി മുമ്പാകെ റിപ്പോർട്ട് നൽകുകയും, നഗരസഭാ അക്കൗണ്ട്സ് വിഭാഗം പ്രാഥമിക പരിശോധന നടത്തുകയും, ടി വിഷയത്തിൽ ക്രമക്കേടുകൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ വിശദമായ പരിശോധന നടത്തുന്നതിന് ബഹു: സെക്രട്ടറി നഗരസഭാ ഓഡിറ്റ് വിഭാഗത്തിന് കത്ത് നൽകുകയും ചെയ്യുകയുണ്ടായി.

തുടർന്ന് നഗരസഭ ഓഡിറ്റ് വിഭാഗം വിവിധ സോണൽ ഓഫീസുകളിൽ പരിശോധന നടത്തുകയും, അതുപ്രകാരം നേമം സോണൽ ഓഫീസിലെ 24/01/2020, 31/01/2020, 07/02/2020, 13/03/2020, 07/05/2020, 12/06/2020, 04/08/2020, 25/08,2020, 08/09/2020, 11/09/2020, 02/11/2020, 11/11/2020, 17/11/2020, 19/11/2020, 03/12/2020, 31/12/2020, 30/01/2021, 08/02/2021, 07/02/2021, 14/03/2021,28/03/2021, 06/058/2021, 31/05/2021, 14/07/2021 എന്നീ 25 ദിവസങ്ങളിലായി 26,74,333/-രൂപ നഗരസഭ അക്കൌണ്ടിൽ വരവ് വന്നിട്ടില്ല എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ നഗരസഭ ഓഡിറ്റ് കാര്യാലയം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - 20/09/2021 ൽ KSA642/TVC9/2021/1 നമ്പരായി കത്ത് നൽകുകയുണ്ടായി.

തുടർന്ന് ടി കത്തിന്റെ അടിസ്ഥാനത്തിൽ ചാർജ് ഓഫീസർ ഉൾപ്പെടെ രണ്ടു ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുള്ളതും, പോലീസിൽ കേസ് നൽകി തുടരന്വേഷണം നടന്നുവരുന്നതുമാണ്.

കൂടാതെ ടി വിഷയത്തിൽ അന്വേഷണ ഉദ്യോഗസ്ഥനായി നഗരസഭ അക്കൌണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തി ബഹു.നഗരസഭാ സെക്രട്ടറി 12/10/2021 ൽ GA7/A4/65876/21-ാം നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ് എന്നും , ആയതിനാൽ ടി വിഷയത്തിൽ വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നഗരസഭ പി.എ. ടു സെക്രട്ടറി കുറിപ്പ് നൽകുകയുണ്ടായി .

ആയതിന്മേൽ ശ്രീമതി. സുനിത എസിനെ 26/11/2021 പകൽ 11മണിക്കും, ശ്രീമതി. ശാന്തി.എസ് നെ 26/11/2021 ഉച്ചയ്ക്ക് ശേഷം 2.30 നും നേരിൽ കേൾക്കുന്നതിന് അറിയിപ്പ് നൽകുകയുണ്ടായി.

എന്നാൽ ശ്രീമതി.സുനിത, ടിയാരിക്ക് ജാമ്യം അനുവദിച്ച നെയ്യാറ്റിൻകര ജുഡീഷ്യൽഫസ്റ്റ് ക്ലാസ് കോടതിയിൽ നിന്നും ജാമ്യ വ്യവസ്ഥയിൽ ടിയാരി നേമം പോലീസ് സ്റ്റേഷൻ പരിധി വിട്ടുപോകരുത് എന്ന് ഉത്തരവായിട്ടുള്ളതിനാൽ ടിയാരിക്ക് ഹിയറിംഗിന് ഹാജരാകുന്നതിന് ഒരുമാസത്തെ സമയം അനുവദിച്ചു നൽകണമെന്ന് കാട്ടി ഇ-മെയിൽ മുഖേനയും രജിസ്റ്റേഡ് തപാൽ മുഖേനയും അപേക്ഷ സമർപ്പിക്കുകയുണ്ടായി.

182

തുടർന്ന് ശ്രീമതി. ശാന്തി (സൂപ്രണ്ട്, നേമം സോണൽ ഓഫീസ്) 26/11/2021 ൽ ഹാജരായി നൽകിയ മൊഴിയുടെയും എഴുതി നൽകിയ സ്റ്റേറ്റ്മെൻറിൻറേയും പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- നഗരസഭ സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം കേരള മുൻസിപ്പൽ ആക്ട് 50(2) പ്രകാരം Power of delegation ലഭ്യമായിട്ടുള്ളതാണ്. ആയത് പ്രകാരം ചാർജ് ഓഫീസർ എന്ന നിലയ്ക്ക് ചുമതലകൾ നിർവഹിച്ചിട്ടുണ്ട്.
- എല്ലാ ദിവസത്തെയും കളക്ഷൻ തുക ഹെഡ് വൈസ് കൺസോളിഡേഷൻ സ്റ്റേറ്റ്മെൻറിനോടൊപ്പം ഒത്തുനോക്കി അതാത് ഹെഡ് ഓഫ് അക്കൌണ്ടിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.
- ഓരോ ദിവസത്തേയും കളക്ഷൻ തുക അതാതു ദിവസം വൈകുന്നേരം കാഷ്യർ, ഓഫീസ് അറ്റൻഡൻറിന്റെ സാന്നിദ്ധ്യത്തിൽ ചെസ്റ്റിൽ സൂക്ഷിച്ചു വയ്ക്കുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.
- കാഷ് ചെസ്റ്റിന്റെ താക്കോൽ കാഷ്യറാണ് സൂക്ഷിക്കുന്നത്.
- ഓരോ ദിവസവും വൈകുന്നേരം അക്കൌണ്ട് ഹെഡ് വൈസ് സ്റ്റേറ്റ്മെൻറ്, ഡേ ബുക്ക് എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുകയും, കാഷ്യർ തുക ചെസ്റ്റിൽ വയ്ക്കുന്നതും ഉറപ്പുവരുത്തുന്നുണ്ട്.
- Pay in slip, Day book എന്നിവ തൊട്ടടുത്ത ദിവസം കാഷ്യർ അല്ലെങ്കിൽ ഓഫീസ് അറ്റൻഡൻറ് സമർപ്പിക്കുകയും, ആയത് ഒത്തുനോക്കി ഞാൻ Pay in slip ഒപ്പുവച്ചു നൽകുകയാണ് ചെയ്യുന്നത്.
- ടി Pay in slip, കാഷ്യറാണ് കളക്ഷൻതുകയോടൊപ്പം ബാങ്കിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നത്.
- ഓഫീസ് അറ്റൻഡൻറ് തുക ബാങ്കിൽ ഒടുക്കിയതിനുശേഷം slip കാഷ്യറുടെ പക്കൽ നേരിട്ടാണ് ഏൽപ്പിക്കുന്നത് കാഷ്യർ ടി രസീത് രജിസ്റ്ററിൽ ഒട്ടിച്ചു വയ്ക്കുന്നു.
- ടി തുക ബാങ്കിൽ ഒടുക്കിയിട്ടുണ്ടോ എന്നത് ബോദ്ധ്യപ്പെടേണ്ടത് കാഷ്യറാണ്. കാഷ്യർ ബാങ്ക് slip രജിസ്റ്ററിൽ ഒട്ടിച്ചുവച്ചിട്ടുണ്ടെന്ന് വാക്കാൽഅറിയിക്കുകയാണ് ചെയ്യുന്നത്.
- എല്ലാ ദിവസവും OA മാർ അല്ലെങ്കിൽ സീനിയർക്ലാർക്ക് പ്രകാശ് കുമാർ അല്ലെങ്കിൽ കാഷ്യർ എന്നിവരിൽ ആരെങ്കിലും ഒരാളാണ് ബാങ്കിൽ തുക ഒടുക്കാൻപോയിട്ടുള്ളത്.
- രജിസ്റ്റർ പരിശോധിക്കാൻ ആവശ്യപ്പെടുമ്പോൾ തിരക്കാണ് പിന്നെ തരാമെന്നാണ് കാഷ്യർ അറിയിക്കുന്നത്.
- രജിസ്റ്റർ പരിശോധിക്കുന്ന സമയത്ത് ഒരുമിച്ച് ഒട്ടിച്ച് വച്ചിരിക്കുന്ന Pay in slip കളിൽ ഒരു ദിവസത്തെ slip ഇല്ലായെന്നോ, തുക ഒടുക്കിയിട്ടില്ലായെന്നോ കണ്ടുപിടിക്കുന്നതിന് സാധിക്കില്ലായിരുന്നു.
- 19/07/2021 ലെ CS/25/2021–ാം നമ്പർ സർക്കുലർ, 20/07/2021 ലെ മിനിറ്റ്സ് എന്നിവയുടെ പകർപ്പ് ലഭിച്ചിട്ടില്ല.
- ചാർജ് ഓഫീസറായ ഞാൻ ഓഫീസിൽ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബാങ്കിൽ തുക ഒടുക്കുന്ന Pay in slip–ൽ RI സുധീർകുമാർ, സീനിയർക്ലാർക്ക് പ്രകാശ് കുമാർ, കാഷ്യർ സുനിത എന്നിവർ

- 14/08/2020 ൽ RI സുധീർകുമാർ ഒപ്പുവെച്ച നൽകിയ തുക ബാങ്കിൽ ഒടുക്കിയിട്ടില്ല. ആയത് പരിശോധിച്ച് ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.
- ഓഡിറ്റ് പരാമർശത്തിൽ പറയുന്ന ദിവസങ്ങളിൽ 5 ദിവസത്തെ Pay in slip മാത്രമാണ് ഞാൻ ഒപ്പിട്ടു നൽകിയിട്ടുള്ളത്. ആയതിനാൽ ടി തുകകൾ നഷ്ടപ്പെട്ടതിൽ എന്റെ ഭാഗത്ത് നിന്ന് യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ലാത്തതാണ്.
- Delegation of power പ്രകാരം എന്നിൽ നിക്ഷിപ്തമായിരുന്ന ചുമതലകൾ ഞാൻ നിർവഹിച്ചിട്ടുള്ളതാണ്.
- ഓഫീസിലെ സിസി ടിവി ക്യാമറകളുടെ സ്വിച്ച്, കാഷ്യറുടെ റൂമിലാണ് ആയത് പല ദിവസങ്ങളിലും ഓഫ് ചെയ്ത് ഇടാറുണ്ട്. ആയത് complaint ആണെന്ന് കരുതി Keltron ൽ നിന്നും ആളിനെ വരുത്തി റിപ്പയർ ചെയ്യുകയാണ് പതിവ്.

ശ്രീമതി. സുനിത 30/12/2021 ൽ ഹാജരായി മൊഴി നൽകിയതും 04/01/2022 ൽ എഴുതി തയ്യാറാക്കി നൽകിയതുമായ സ്റ്റേറ്റ്മെൻറിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കു .

- എല്ലാ ദിവസവും, അതാത് ദിവസത്തെ കളക്ഷൻ തുക എണ്ണിത്തിട്ടപ്പെടുത്തി ലോക്കറിൽ സൂക്ഷിക്കുകയും, തൊട്ടടുത്ത ദിവസം ലോക്കറിൽ നിന്നും പണം എടുത്ത് എണ്ണിത്തിട്ടപ്പെടുത്തി ചെലാൻ പൂരിപ്പിച്ച് ചാർജ് ഓഫീസറുടെയോ, അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലോ പണവും ചെലാനും ബാങ്കിൽ ഒടുക്കുന്നതിന് ചാർജ് ഓഫീസര് സമക്ഷം ഏൽപ്പിക്കുന്നതാണ്. ടി തുക ചാർജ് ഓഫീസർ എണ്ണിത്തിട്ടപ്പെടുത്തി ചെലാൻ ഒപ്പിട്ട് ബാങ്കിൽ ഒടുക്കുന്നതിന് ഡ്യൂട്ടിയിലുള്ള സ്റ്റാഫുകളിൽ ആരെയെങ്കിലും പക്കൽ ഏൽപ്പിക്കും.
- തുക ഒടുക്കാൻ കൊണ്ടുപോകുന്ന സ്റ്റാഫ്, ടി തുക ബാങ്കിൽ ഒടുക്കിയതിനുശേഷം ചെലാൻ തിരികെ ചാർജ്ജ് ഓഫീസറെ ഏല്പിക്കും.
- ചിലപ്പോൾ ടി ചെലാൻ ചാർജ് ഓഫീസറെ കാണിച്ചിട്ട് കാഷ്യറായ എന്റെ മേശയ്ക്കകത്തു തന്നെ ബോക്സിൽ നിക്ഷേപിക്കുകയും ചെയ്യും.
- പലപ്പോഴും അതാത് ദിവസത്തെ ചെലാനുകൾ ചാർജ്ജ് ഓഫീസർ എന്റെ കൈവശം ഏല്പിക്കാറില്ല. പല ദിവസങ്ങളിലെയും ചെലാനുകൾ ഒരുമിച്ചാണ് നൽകുന്നത്. ആയത് ഞാൻ ശരിയാണെന്ന് ധരിച്ച് ബുക്കിൽ ഒട്ടിച്ചു വയ്ക്കുകയാണ് ചെയ്യുന്നത്.
- എല്ലാ മാസവും അവസാന ദിവസം അതാത് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെൻറ് പരിശോധനക്കായി ചാർജ് ഓഫീസറുടെ പക്കൽ ഏല്പിക്കുന്നതാണ്.
- നാളിതുവരെ എന്റെ പേരിൽ ഒരു ആരോപണവും ഉണ്ടായിട്ടില്ലാത്തതാണ്.

- 2021 സെപ്റ്റംബർ മാസം നടന്ന ഓഡിറ്റിൽ ആണ് തുക നഷ്ടമായിട്ടുള്ളതായി ഓഡിറ്റ് അധികൃതർ അറിയിച്ചത്.
- ആദ്യം രണ്ടു ദിവസത്തെ പണം നഷ്ടമായി എന്നാണ് ഓഡിറ്റ് ഉദ്യോഗസ്ഥർ അറിയിച്ചത്.
- തുടർന്ന് ടി ദിവസങ്ങളിലെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനായി ചാർജ് ഓഫീസറുടെ നിർദേശപ്രകാരം ഞാൻ, സോണൽ ഓഫീസിലെ ജീവനക്കാരായ ശ്രീ. അജികുട്ടൻ, ശ്രീ. പ്രകാശ് കുമാർ എന്നിവരോടൊപ്പം ചാർജ് ഓഫീസർ നൽകിയ കത്തുമായി പാപ്പനംകോട് SBI ബ്രാഞ്ചിൽ പോകുകയുണ്ടായി. എന്നാൽ കത്തിൽ ചാർജ് ഓഫീസറുടെ സീൽ ഇല്ലാതിരുന്നതിനാൽ ബാങ്കിൽ നിന്നും സ്റ്റേറ്റ്മെന്റ് നൽകിയില്ല. പകരം സിസ്റ്റം നോക്കി ടി രണ്ടു ദിവസവും തുക ഒടുക്കിയിട്ടില്ല എന്നും, സ്റ്റേറ്റ്മെന്റ് വേണമെങ്കിൽ ചാർജ് ഓഫീസറുടെ ഒപ്പും സീലും സഹിതം വികാസ് ഭവൻ മെയിൻ ബ്രാഞ്ചിൽ അപേക്ഷ നൽകാനും പറഞ്ഞു. തുടർന്ന് ഞങ്ങൾ SBI എസ്റ്റേറ്റ് ബ്രാഞ്ചിൽ പോകുകയും, അവിടെയും ടി ദിവസങ്ങളിൽ തുക ഒടുക്കിയിട്ടില്ല എന്നറിയാനും കഴിഞ്ഞു.
- തുടർന്ന് ഓഫീസിൽ എത്തി ടി വിവരം ചാർജ് ഓഫീസറെ അറിയിച്ചപ്പോൾ, ചാർജ് ഓഫീസർ *"ഒരു കാര്യം ചെയ്യാം. നിന്റെ കൈയിൽ പൈസ ഇല്ലാ എന്ന് എന്ന് ഞങ്ങൾക്ക് അറിയാം. അതുകൊണ്ട് ഞങ്ങൾ എല്ലാപേരും ചേർന്ന് ആ രണ്ടു ദിവസത്തെ പണം അടയ്ക്കാം. നീ പിന്നീട് എപ്പോഴെങ്കിലും അത് തന്നാൽ മതി."* എന്ന് പറഞ്ഞു.
- തുടർന്ന് ഈ വിവരം ഓഡിറ്റുകാരെ അറിയിച്ചപ്പോൾ, *"ഒരു ലക്ഷം രൂപയല്ല, ഇപ്പോൾ തന്നെ പത്ത് ലക്ഷം രൂപ കാണാനില്ല. ഒരു ലക്ഷം അടച്ചാൽ ബാക്കിയുള്ള തുകയ്ക്ക് എന്ത് ചെയ്യും?"* എന്ന് ചോദിക്കുകയുണ്ടായി.
- ടി വിവരം ചാർജ് ഓഫീസറെ അറിയിച്ചപ്പോൾ, ചാർജ് ഓഫീസർ ടി തുക ഞാൻ ബാങ്കിൽ ഒടുക്കിയിട്ടില്ല എന്ന് എഴുതി ഒപ്പിട്ടുതരാൻ എന്നോട് ആവശ്യപ്പെട്ടു. എന്നാൽ ടി തുക ഞാൻ എടുത്തിട്ടില്ലാത്തതിനാൽ അത് തിരികെ അടയ്ക്കേണ്ടതിന്റെ കാര്യം എനിക്കില്ല എന്ന് അറിയിക്കുകയാണ് ഉണ്ടായത്.
- തുടർന്ന് ചാർജ് ഓഫീസർ എന്നെ ഭീഷണിപ്പെടുത്തി സംസാരിക്കുകയും, പോലീസ് കേസ് ആകും എന്ന് പറയുകയുമുണ്ടായി.
- തുടർന്ന് ടി ദിവസങ്ങളിലെ ബാങ്ക് remittance വിവരങ്ങൾ ലഭിക്കുന്നതിനായി ഞാൻ ബാങ്കിൽ പോയിരുന്നെങ്കിലും ടി വിവരങ്ങൾ ലഭിക്കുകയുണ്ടായില്ല.
- 20/09/2021-ൽ (തിങ്കൾ) ഓഫീസിൽ എത്തിയ വേളയിൽ ചാർജ്ജ് ഓഫീസർ എനിക്ക് അറ്റൻഡൻസ് രജിസ്റ്റർ ഒപ്പിടാൻ തരാതെ ടി ദിവസങ്ങളിലെ കളക്ഷൻ തുക സംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെൻറ് ലഭിക്കുന്നതിനായി നിർദ്ദേശിച്ചു. അറ്റൻഡൻസ് ഒപ്പിടാൻ ചോദിച്ചപ്പോൾ സ്റ്റേറ്റ്മെൻറ് എടുത്തുകൊണ്ടുവരുമ്പോൾ ഒപ്പിടാൻ നൽകാം എന്നറിയിച്ചു. കൂടാതെ ശനി, ഞായർദിവസങ്ങളിലെ കളക്ഷൻ തുക ബാങ്കിൽ ഒടുക്കുന്നതിനായി എന്റെ പക്കൽ ഏൽപിക്കുകയുണ്ടായി. എന്നാൽ അറ്റൻഡൻസ് ഒപ്പിടാൻ അനുവദിക്കാതെ ടി തുക ഞാൻ ബാങ്കിൽ കൊണ്ടുപോകില്ല എന്നറിയച്ചപ്പോൾ

വേറൊരു ബുക്ക് എടുത്തുതന്ന് അതിൽ ഒപ്പിട്ടശേഷം ബാങ്കിൽ തുക കൊണ്ടുപോകാൻ പറഞ്ഞു. തിരികെ വന്നതിനു ശേഷം ഒപ്പിടുന്നതിനായി അറ്റൻഡൻസ് നൽകാമെന്നും ഇപ്പോൾ ഫോട്ടോകോപ്പി എടുത്തുകൊണ്ടിരിക്കുകയാണ് എന്നും അറിയിച്ചു. തുടർന്ന് ഞാൻ സഹപ്രവർത്തകരായ ശ്രീ.അജികുട്ടൻ, ശ്രീ. പ്രകാശ് കുമാർ എന്നിവരോടൊപ്പം ബാങ്കിൽ പോകുകയും മുൻദിവസങ്ങളിലെ ബാങ്ക് remittance വിവരങ്ങൾ ലഭ്യമാകാത്തതിനാൽ ടി ദിവസങ്ങളിലെ തുക ഒടുക്കിയതിനുശേഷം ഓഫീസിൽ തിരികെ എത്തി ചെലാൻ ചാർജ് ഓഫീസറെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ അന്നേ ദിവസം എന്നെ അറ്റൻഡൻസിൽ ഒപ്പിടാൻ അനുവദിക്കുകയുണ്ടായില്ല.

- 21/09/2021 അവധി കഴിഞ്ഞ് 22/09/2021 ൽ എനിക്ക് ബഹു.മേയറെ കാണാൻ പോകേണ്ട ആവശ്യം ഉണ്ടായിരുന്നതിനാൽ ഒരു മണിക്കൂർ late permission ലഭ്യമാക്കുന്നതിന് ഞാൻ ചാർജ് ഓഫീസറെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ചാർജ് ഓഫീസർ ഫോൺ എടുക്കാത്തതിനാൽ ഞാൻ RO യെ വിളിച്ച് permission ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ഞാൻ ഓഫീസിൽ ഹാജരായപ്പോൾ ബഹു. പിഎ റ്റു സെക്രട്ടറി , ബഹു. ഡെപ്യൂട്ടി മേയർ എന്നിവർ ഓഫീസിൽ ഉണ്ടായിരുന്നു. എനിക്ക് അറ്റൻഡൻസ് ബുക്ക് ലഭ്യമാക്കിയപ്പോൾ 20/09/2021 ന് എനിക്ക് കാഷ്വൽ ലീവ് രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി വിവരം (20/09/2021 ന് ഞാൻ ബാങ്കിൽ തുക ഒടുക്കാൻ പോയത് ഉൾപ്പെടെയുള്ള വിവരം) ഞാൻ ചാർജ് ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, കാഷ്വൽ ലീവ് രേഖപ്പെടുത്തിയതിനു മുകളിലൂടെ ഒപ്പിടുന്നതിന് ചാർജ് ഓഫീസർ നിർദ്ദേശിക്കുയുണ്ടായി. ടി വിവരം ഞാൻ പിഎ റ്റു സെക്രട്ടറി യെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഞാൻ നൽകിയ അപേക്ഷയിൽ ചാർജ് ഓഫീസർ ഇനിഷ്യൽ ചെയ്തു നൽകുകയുണ്ടായില്ല. തുടർന്ന് അന്നേ ദിവസം ഞാൻ ലീവ് എടുക്കുകയും, അപേക്ഷ മെയിൻ ഓഫീസിൽ നൽകുകയും ചെയ്തു.
- ടിയാരി മുൻപും ഇപ്രകാരം പ്രവർത്തിച്ചിട്ടുള്ളതാണ്. ഞാൻ ഫോൺ മുഖാന്തിരവും, നേരിട്ടും ലീവ് എടുക്കുമ്പോൾ ലീവ് രേഖപ്പെടുത്താതെ ശമ്പള സമയമാകുമ്പോൾ അറ്റൻഡൻസ് രജിസ്റ്ററിൽ ഒഴിഞ്ഞു കിടക്കുന്ന കോളങ്ങളിൽ ഒപ്പിട്ടു നൽകുവാൻ എന്നോട് പറഞ്ഞിട്ടുള്ളതാണ്.
- കൂടാതെ 20/09/2021 ൽ ഞാൻ ഓഫീസിൽ ഹാജരായെങ്കിലും, അറ്റൻഡൻസ് ഒപ്പിടാൻ തരാതെ ഇരിക്കുകയും ബാങ്കിൽ തുക ഒടുക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തത് ഞാൻ മുൻപും ഇപ്രകാരം ചെയ്തിട്ടുണ്ട് എന്ന് ചാർജ് ഓഫീസർ വരുത്തിത്തീർക്കാൻ ശ്രമിച്ചതായിട്ടാണ് തോന്നുന്നത്.
- ഓഡിറ്റ് കഴിഞ്ഞ് ഞാൻ 20/09/2021 ൽ ഓഫീസിൽ ഹാജരായപ്പോൾ ഓഫീസ് അറ്റൻഡൻറ് മുഖാന്തിരം ഒരു പേപ്പർ തന്നുവിടുകയും അതിൽ ചാർജ് ഓഫീസർ നേമം സോണലിൽ ചാർജ് ഏറ്റെടുത്ത ദിവസം വച്ച് ഒപ്പിട്ടു നൽകുവാൻ ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. ടി പേപ്പറിൽ എഴുതിയിരുന്നത് നേമം സോണലിൽ ക്യാഷ് സംബന്ധമായി എന്തു സംഭവിച്ചാലും ആയതിന്റെ ഉത്തരവാദി കാഷ്യർ ആയ ശ്രീമതി സുനിത എന്ന ഞാൻ ആയിരിക്കും എന്നായിരുന്നു. ടി വിവരം ചാർജ് ഓഫീസറിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഞാൻ 20/07/2021 എന്ന തീയതി വച്ച് മാത്രമേ എനിക്ക് ടി പേപ്പർഒപ്പിട്ടു നൽകാൻ ...കയുള്ളൂ എന്നറിയിക്കുകയുണ്ടായി.

- ചാർജ് ഓഫീസർ വീണ്ടും ടിയാരി ടി ഓഫീസിൽ ചാർജെടുത്ത ദിവസം വച്ച് തന്നെ ടി പേപ്പർ ഒപ്പിട്ട് നൽകണമെന്നും അല്ലാത്ത പക്ഷം ടി സോണൽ ഓഫീസിൽ ആരും എന്നോടൊപ്പം കൂടെ നിൽക്കില്ല എന്നും അറിയിക്കുകയുണ്ടായി. ഞാൻ ഈ വിഷയത്തിൽ ഒറ്റയ്ക്ക് നിന്നും കൊള്ളാം എന്ന്ഞാൻ ചാർജ് ഓഫീസർക്ക് മറുപടി നൽകിയിട്ടുള്ളതാണ്.
- ഞാൻ 2013 മുതൽ 2017 വരെ ബി.സി ആയി നേമം സോണലിലും 2017 ഓഗസ്റ്റ് മുതൽ നവംബർ വരെ തിരുവല്ലം സോണലിൽ കാഷ്യറായും ജോലി നോക്കിയിട്ടുള്ളതാണ്. നാളിതുവരെ ഒരു പൈസ പോലും നഷ്ടപ്പെട്ടിട്ടുള്ളതായി ആരോപണം ഉണ്ടായിട്ടില്ല. എന്റെ ഭർത്താവ് ക്യാൻസർ രോഗിയായി 2012 മുതൽ ചികിത്സയിലായിരുന്നതും, 2017 നവംബർ മാസം മരണപ്പെട്ടിട്ടുള്ളതുമാണ്. ആ ചികിത്സ സംബന്ധമായ കടം തന്നെ നിലവിലുള്ളതാണ്. ഞാൻ നിലവിൽ എന്റെ മക്കളോടൊപ്പം ചേച്ചിയുടെ വീട്ടിലാണ് താമസം. എനിക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 3 സെന്റ് സ്ഥലമാണ് ആകെ ഉള്ളത്. ഞങ്ങളുടെ ഏക വരുമാന മാർഗ്ഗം എന്റെ ജോലിയാണ്. സസ്പെൻഷനിൽ ആയതിനാൽ ടി വരുമാന മാർഗവും നിലച്ചിരിക്കുകയാണ്. ടി വിഷയത്തിൽ ഞാൻ നിരപരാധിയാണ്. ശ്രീമതി. ശാന്തി ചാർജ് ഓഫീസർ ആയി ചാർജ് എടുത്തതിനുശേഷമാണ് ഇങ്ങനെയെല്ലാം സംഭവിച്ചിട്ടുള്ളത്. ആയതിനാൽ എന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

**കണ്ടെത്തലുകൾ.**

- നേമം സോണൽ ചാർജ് ഓഫീസറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ.

1. ബഹു,നഗരസഭാ സെക്രട്ടറി : 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 50(2)-ാം വകുപ്പ് പ്രകാരം സെക്രട്ടറിയുടെ അധികാരങ്ങളും കടമകളും ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർക്ക് നൽകി ഉത്തരവായിട്ടുള്ളതാണ്.
2. ടി ഉത്തരവിലെ She/He will supervise and control the work of ministerial and executive staff of Nemom Zonal Office എന്ന നിർദേശപ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർ ടി കടമ നിർവഹിച്ചിട്ടില്ല.
3. ടി ഉത്തരവിലെ Verify daily collection and to remit the same in the Corporation account of SBI Branch എന്ന നിർദേശപ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർ ടി കടമ നിർവഹിച്ചിട്ടില്ല.
4. എല്ലാ ദിവസവും ബാങ്കിൽ തുക ഒടുക്കുവരുതിയതിന്റെ രസീത് ചാർജ് ഓഫീസർ നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിരുന്നില്ല.
5. ടി സോണൽ ഓഫീസിലെ പ്രതിദിന കളക്ഷൻ തുക യഥാസമയം ബാങ്കിൽ ഒടുക്കുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന വിവരം ചാർജ് ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

- കാഷ്യർ

1. എല്ലാ ദിവസവും തുക ഒടുക്കിയത് സംബന്ധിച്ച് രസീതുകൾ പരിശോധിച്ച് ടി തുകകൾ ബാങ്കിൽ ഒടുക്കുവരുത്തിയിട്ടുണ്ട് എന്നത് ഉറപ്പുവരുത്തിയിട്ടില്ല.
2. സോണൽ ഓഫീസിലെ പ്രതിദിന കളക്ഷൻ തുക യഥാസമയം ബാങ്കിൽ ഒടുക്കുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന വിവരം മേലധികാരിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല .

- റവന്യൂ ഇൻസ്പെക്ടർ

1. ചാർജ് ഓഫീസർ ഇല്ലാത്ത വേളകളിൽ കളക്ഷൻ ബാങ്കിൽ ഒടുക്കുന്നതിനു പേ-ഇൻ-സ്ലിപ്പ് ഒപ്പിട്ടുനല്കിയിട്ടുണ്ടെങ്കിലും, ആ ദിവസങ്ങളിലെ തുക നഗരസഭാ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

സംഗ്രഹം

1. നഗരസഭാ ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ ചാർജ് ഓഫീസറായ ശ്രീമതി .ശാന്തി, ചാർജ് ഓഫീസർ ഇല്ലാത്ത വേളകളിൽ കളക്ഷൻ ബാങ്കിൽ ഒടുക്കുന്നതിനു പേ-ഇൻ-സ്ലിപ്പ് ഒപ്പിട്ടുനല്കിയിട്ടുള്ള റവന്യൂ ഇൻസ്പെക്ടർ ശ്രീ .സുധീർ കുമാർ , ഓഫീസ് കാഷ്യർ ശ്രീമതി .സുനിത എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്.
2. നഗരസഭാ ഫണ്ട് സമയബന്ധിതമായി ബാങ്കിൽ ഒടുക്ക വരുത്തിയിട്ടുണ്ടോ എന്ന് ടി ജീവനക്കാർ ഉറപ്പ് വരുത്തിയിട്ടില്ല.
3. കുറ്റാരോപിതരായ എല്ലാ ജീവനക്കാരുടെയും പ്രവൃത്തി നഗരസഭയുടെ സൽപ്പേരിനു കളങ്കം വരുത്തിയിട്ടുള്ളതാണ്.

ശുപാർശകൾ.

1. നഗരസഭയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ചും നഗരസഭയുടെ സല്പേര് കളങ്കപ്പെട്ടതിനും ,ശ്രീമതി .ശാന്തി, ചാർജ് ഓഫീസർ ഇല്ലാത്ത വേളകളിൽ കളക്ഷൻ ബാങ്കിൽ ഒടുക്കുന്നതിനു പേ-ഇൻ-സ്ലിപ്പ് ഒപ്പിട്ടുനല്കിയിട്ടുള്ള റവന്യൂ ഇൻസ്പെക്ടർ ശ്രീ .സുധീർ കുമാർ , ഓഫീസ് കാഷ്യർ ശ്രീമതി .സുനിത എല്ലാം കുറ്റക്കാരാണെന്ന് കാണുന്നു.
2. നേമം സോണൽ ഓഫീസിലെ 24/01/2020, 31/01/2020, 07/02/2020, 13/03/2020, 07/05/2020, 12/06/2020, 04/08/2020, 25/08,2020, 08/09/2020, 11/09/2020, 02/11/2020, 11/11/2020, 17/11/2020, 19/11/2020, 03/12/2020, 31/12/2020, 30/01/2021, 08/02/2021, 07/02/2021, 14/03/2021,28/03/2021, 06/058/2021, 31/05/2021, 14/07/2021 എന്നീ 25 ദിവസങ്ങളിലായി ഒടുക്കേണ്ടതായ കളക്ഷൻ തുകകൾ ആകെ 26,74,333/-രൂപ ടി തുകകൾ ഒടുക്കേണ്ട തിയതിമുതലുള്ള നിയമാനുസൃതമായ പലിശ സഹിതം ഈടാക്കേണ്ടതാണ് .

3. ഔദ്യോഗിക കൃത്യനിർവഹണത്തിൽ കുറ്റാരോപിതരായ ജീവനക്കാർക്ക് ഉണ്ടായ ഗുരുതര വീഴ്ച്ച് വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ് .

4. നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ റിപ്പോ നല്കാവുന്നതാണ്.

അക്കൗണ്ട്സ് ഓഫീസർ
തിരുവനന്തപുരം നഗരസഭ

A12/GA7/65876/2021

തിയ്യതി: 25.04.2022

പി.എ റ്റു സെക്രട്ടറിയുടെ 23.04.2022-ലെ GA7/65876/2021 നം. കുറിപ്പിന്മേൽ നഗരസഭ

അക്കൗണ്ട്സ് ഓഫീസർ സമർപ്പിക്കുന്ന പ്രത്യേക റിപ്പോർട്ട്

ശ്രീകാര്യം സോണൽ ഓഫീസിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് 05.04.2022-ൽ സമർപ്പിച്ചിരുന്ന റിപ്പോർട്ടിനോടൊപ്പം പി.എ റ്റു സെക്രട്ടറിയുടെ 23.04.2022-ലെ GA7/65876/2021 നം. കുറിപ്പിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വസ്തുതകൾ കൂടി ഉൾപ്പെടുത്തുന്നു.

1. നേമം സോണൽ ഓഫീസിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിനായി **24.01.2020, 31.01.2020, 07.02.2020, 13.03.2020, 07.05.2020, 12.06.2020, 04.08.2020, 14.08.2020, 25.08.2020, 08.09.2020, 11.09.2020, 02.11.2020, 11.11.2020, 17.11.2020, 19.11.2020, 03.12.2020, 31.12.2020, 30.01.2021, 08.02.2021, 17.02.2021, 14.03.2021, 28.03.2021, 06.05.2021, 31.05.2021, 14.07.2021** എന്നീ ദിവസങ്ങളിലെ നേമം സോണൽ ഓഫീസിലെ അറ്റെൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ്, ടി ദിവസങ്ങളിൽ തുക ബാങ്കിൽ ഒടുക്കിയതിന്റെ വിവരങ്ങൾ, ബാങ്ക് remittance slip-ന്റെ പകർപ്പ് എന്നിവ ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് അടിയന്തിരമായി ലഭ്യമാക്കണമെന്ന് കാട്ടി ടി സോണൽ ചാർജ് ഓഫീസർക്ക് അറിയിപ്പ് നല്കിയതിന്മേൽ ആയവ ടി കേസുമായി ബന്ധപ്പെട്ട നേമം പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയിട്ടുള്ളതിനാല് ടി രേഖകൾ നേമം സോണൽ ഓഫീസിൽ ലഭ്യമല്ല എന്ന് കാട്ടി ചാർജ് ഓഫീസര് മറുപടി നല്കിയതിന്മേൽ ടി വിഷയത്തിൽ ഡിപ്പാർട്ട്മെന്റ്തല അന്വേഷണ ആവശ്യവുമായി ബന്ധപ്പെട്ട് ടി രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കാട്ടി സ്റ്റേഷന് ഹൗസ് ഓഫീസർ, നേമം പോലീസ് സ്റ്റേഷൻ-ന് 08.02.2022-ൽ കത്ത് നല്കിയിരുന്നെങ്കിലും നാളിതുവരെ ടി രേഖകൾ ലഭ്യമായിട്ടില്ലാത്തതാണ്.
2. ടി സോണൽ ഓഫീസിൽ ലഭ്യമായിരുന്ന അറ്റെൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് നേമം സോണൽ ഓഫീസ് ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് മാത്രമാണ് ലഭിച്ചിട്ടുള്ളത്.
3. നേമം സോണൽ ഓഫീസ് ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അറ്റെൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ചതിൽ ശ്രീമതി. ശാന്തി (സൂപ്രണ്ട്)-ന്റെ പേരിൽ 14.08.2020-ൽ FN മാത്രം അറ്റെൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതായും, 19.11.2020-ൽ O/D രേഖപ്പെടുത്തിയിട്ടുള്ളതായും, 29.03.2021-ൽ Duty Off രേഖപ്പെടുത്തിയിട്ടുള്ളതായും കാണാൻ കഴിഞ്ഞിട്ടുള്ളതാണ്. 28.03.2021 ഞായർ ആയതിനാൽ ടിയാരിയുടെ പേരിൽ അറ്റെൻഡൻസ് രേഖപ്പെടുത്തിയിട്ടില്ല. തൊട്ടടുത്ത ദിവസം (29.03.2021)-ൽ ടിയാരിക്ക് Duty Off രേഖപ്പെടുത്തിയിട്ടുള്ളതാണ്.
4. ശ്രീമതി. ശാന്തിയുടെ മൊഴിയിൽ **"ചാർജ് ഓഫീസറായ ഞാൻ ഓഫീസിൽ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബാങ്കിൽ തുക ഒടുക്കുന്ന Pay in slip-ൽ RI സുധീർകുമാർ, സീനിയർക്ലാർക്ക് പ്രകാശ് കുമാർ, കാഷ്യർ സുനിത എന്നിവർ ഒപ്പുവച്ച് ബാങ്കിൽ തുക ഒടുക്കിയിട്ടുള്ളതാണ്"** എന്ന് പരാമർശിച്ചിട്ടുള്ളതാണ്.

5. നേമം സോണൽ ഓഫീസ് ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അറ്റെൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ചതിൽ ശ്രീമതി. സുനിത(കാഷ്യർ)-ന്റെ പേരിൽ 31.01.2020-ൽ C/L രേഖപ്പെടുത്തിയിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുള്ളതാണ്.

ടി വസ്തുതകൾ കൂടി പരിഗണിച്ചാണ് 05.04.2022-ൽ റിപ്പോർട്ട് നൽകിയത്. 05.04.2022-ൽ നൽകിയ റിപ്പോർട്ടും, ഈ റിപ്പോർട്ടും നേമം സോണൽ മുൻ ചാർജ് ഓഫീസർ ശ്രീമതി. ശാന്തി, ടി സോണൽ കാഷ്യർ ശ്രീമതി. സുനിത, എന്നിവർ നൽകിയ മൊഴിയെയും, ലഭ്യമായ രേഖകളെയും ആസ്പദമാക്കിയാണ് തയാറാക്കിയിട്ടുള്ളത് എന്ന വിവരം കൂടി പരിഗണിക്കേണ്ടതാണ്.

അക്കൗണ്ട്സ് ഓഫീസർ.

A12/GA7/65876/2021 തീയതി: 07.04.2022

**ആറ്റിപ്ര സോണൽ ഓഫീസിലെ സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് ബഹു.സെക്രട്ടറി ചുമതലപ്പെടുത്തി ഉത്തരവായതിന്മേൽ നഗരസഭ അക്കൌണ്ട്സ് ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്**

തിരുവനന്തപുരം നഗരസഭ ശ്രീകാര്യം സോണൽ ഓഫീസിൽ 22.06.2021-ൽ ബാങ്കിൽ ഒടുക്കിയ Pay-in-slip-ലെ അപാകത പരിശോധിച്ചതിൽ ടി തുക ബാങ്കിൽ ഒടുക്കിയതായി കാണാൻ കഴിഞ്ഞില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സോണൽ ആർ.ഐ ബഹു: നഗരസഭാ സെക്രട്ടറി മുമ്പാകെ റിപ്പോർട്ട് നൽകുകയും, നഗരസഭാ അക്കൗണ്ട്സ് വിഭാഗം പ്രാഥമിക പരിശോധന നടത്തുകയും, ടി വിഷയത്തിൽ ക്രമക്കേടുകൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ വിശദമായ പരിശോധന നടത്തുന്നതിന് ബഹു: സെക്രട്ടറി നഗരസഭാ ഓഡിറ്റ് വിഭാഗത്തിന് കത്ത് നൽകുകയും ചെയ്യുകയുണ്ടായി.

തുടർന്ന് നഗരസഭ ഓഡിറ്റ് വിഭാഗം പരിശോധന നടത്തി ആറ്റിപ്ര സോണൽ ഓഫീസിലെ 11.12.2020-ലെ കളക്ഷൻ തുക ബാങ്കിൽ ഒടുക്കുവരുത്തിയിട്ടില്ല എന്നും, ആയതിനാൽ ടി കളക്ഷൻ ഇനത്തിലുള്ള തുകയായ 1,09,836/- രൂപ നഗരസഭയുടെ അക്കൌണ്ടിൽ വരവ് വന്നിട്ടില്ല എന്ന് കാട്ടി സീനിയർ ഡെപ്യൂട്ടി ഡയറക്ടർ - നഗരസഭ ഓഡിറ്റ് കാര്യാലയം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - 20/09/2021 ൽ KSA642/TVC9/2021/1 ആയി കത്ത് നൽകുകയുണ്ടായി. തുടർന്ന് ടി കത്തിന്റെ അടിസ്ഥാനത്തിൽ ചാർജ് ഓഫീസർ ഉൾപ്പെടെ 2 ജീവനക്കാരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, പോലീസിൽ പരാതി നൽകി ടി കേസ് കോടതിയിൽ തുടർന്ന് വരുകയുമാണ്.

കൂടാതെ ടി വിഷയത്തിൽ ബഹു. സെക്രട്ടറി, നഗരസഭ അക്കൌണ്ട്സ് ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി 03/09/2021-ൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ടി വിഷയത്തിൽ വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 12/10/2021-ൽ നഗരസഭ പി.എട്ടു സെക്രട്ടറി GA7/65876/2021 പ്രകാരം കുറിപ്പ് നൽകുകയുണ്ടായി.

ടി വിഷയത്തിൽ സസ്പെന്റ് ചെയ്തിരുന്ന മുൻ ആറ്റിപ്ര സോണൽ ചാർജ് ഓഫീസർ ആയിരുന്ന ശ്രീമതി. സുമതി ഡി., 30.10.2021-ൽ കോവിഡ് ബാധിതയായി മരണപ്പെട്ടതിനാൽ മറ്റു രണ്ടു ആരോപണവിധേയരിൽ 11.12.2020-ൽ ഓഫീസ് കാഷ്യർ ആയി ജോലി നോക്കിയിരുന്ന ശ്രീമതി. അഖില ചന്ദ്രൻ (എൽ.ഡി.സി./ബി.സി) - നെ 27.11.2021 പകൽ 11:00 മണിക്കും, ശ്രീ. ജോർജ് കുട്ടി (ഓഫീസ് അറ്റൻഡന്റ്, ആറ്റിപ്ര സോണൽ) -യെ 27/11/2021-ന് ഉച്ചയ്ക്ക് 2.30 മണിയ്ക്കും, നേരിൽ കേൾക്കുന്നതിന് അറിയിപ്പ് നൽകുകയുണ്ടായി.

എന്നാൽ ശ്രീമതി. അഖില ചന്ദ്രൻ, ടിയാരിയുടെ കുടുംബാംഗങ്ങൾക്ക് കോവിഡ് ബാധിച്ചിട്ടുള്ളതിനാൽ ടിയാരി ക്വാറന്റൈനിൽ ആണെന്നും, അക്കാരണത്താൽ ടിയാരിക്ക്

27.11.2021-ലെ ഹിയറിംഗിന് ഹാജരാകാൻ കഴിയില്ല എന്നും കാട്ടി ഇ-മെയിൽ മുഖേന അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ശ്രീ. ജോർജ് കുട്ടി 27.11.2021-ലെ ഹിയറിംഗിന് ഹാജരായി നൽകിയ മൊഴിയിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- **11.12.2020-ലെ കളക്ഷൻ ബാങ്കിൽ ഒടുക്കുന്നതിനു ടിയാൻ കൊണ്ടുപോയിട്ടില്ല.**
- **11.12.2020-ൽ ബാങ്കിൽ തുക ഒടുക്കിയതായി കാണിക്കുന്ന സ്ലിപ്പിൽ ചാർജ് ഓഫീസറുടേതായ ഒപ്പിൽ തിയതി 29/03 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ചാർജ് ഓഫീസറുടെ ഒപ്പും വ്യത്യാസമായി കാണുന്നു.**
- **ടി ദിവസം തുക ഒടുക്കിയ രസീത് എന്റെ പക്കൽ ഉണ്ടോ എന്ന് കാഷ്യർ വിളിച്ച് ചോദിച്ചിരുന്നു. ആയത് ഉണ്ടാകാം എന്ന് മറുപടി നൽകിയിരുന്നുവെങ്കിലും, പിന്നീട് പരിശോധിച്ചതിൽ 11.12.2020-ലെ രസീത് അല്ലാതെ ഞാൻ ഒടുക്കിയ രസീതുകൾ കൈവശം ഉണ്ടായിരുന്നത് തിരികെ ഏൽപ്പിക്കുകയുണ്ടായി.**
- **ടി തുക ഞാൻ എടുത്തിട്ടില്ലാത്തതിനാൽ ആയത് തിരികെ ഒടുക്കുന്നതിനു എനിക്ക് നിർവാഹമില്ല.**

ശ്രീമതി. അഖില ചന്ദ്രൻ 29.12.2020-ൽ ഹാജരായി നൽകിയ മൊഴിയിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- **11.12.2020-ൽ ഓഫീസിലെ സ്ഥിരം കാഷ്യർ ലീവ് ആയിരുന്നതിനാൽ ഞാൻ അന്നേ ദിവസം കാഷ്യർ ആയി ജോലി നോക്കുകയുണ്ടായി.**
- **ടി ദിവസത്തെ കളക്ഷൻ അന്നേ ദിവസം തന്നെ ചാർജ് ഓഫീസറെ കാണിച്ച് സാക്ഷ്യപ്പെടുത്തി ടി തുക ബാങ്കിൽ ഒടുക്കുന്നതിനു ഓഫീസിലെ OA ആയ ശ്രീ. ജോർജ് കുട്ടിയെ ഏൽപ്പിക്കുകയുണ്ടായി.**
- **എന്നാൽ ടിയാൻ ബാങ്ക് പേ-ഇൻ-സ്ലിപ്പ് അന്നേ ദിവസം തിരികെ നൽകുകയുണ്ടായില്ല. ആയത് ചോദിച്ചപ്പോൾ ബാങ്കിൽ തിരക്കായതിനാൽ ടി തുക ബാങ്കിൽ ടിയാൻ ഏൽപ്പിച്ചെന്നും, അതിനാൽ പിന്നീട് പേ-ഇൻ-സ്ലിപ്പ് ഹാജരാക്കാം എന്നും അറിയിക്കുകയുണ്ടായി.**
- **12.12.2020 ശനി കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അവധി ആയിരുന്നു. കൂടാതെ 13.12.2020 ഞായർ ആയിരുന്നു.**
- **14.12.2020(തിങ്കൾ) ഞാൻ അവധി ആയിരുന്നതിനാൽ 11.12.2020-ലെ ബാങ്ക് പേ-ഇൻ-സ്ലിപ്പ് ലഭിച്ചിട്ടില്ല എന്ന വിവരം ഞാൻ 14.12.2020-ൽ കാഷ്യർ ആയിരുന്ന ശ്രീ. ജെർഷിൻ**

ജെറി-യെ അറിയിക്കുകയുണ്ടായി. അന്നേ ദിവസം - 14.12.2020(തിങ്കൾ) - ശ്രീ. ജോർജ് കുട്ടിയും ലീവ് ആയിരുന്നു.

- 14.12.2020-ൽ ബാങ്കിൽ തുക ഒടുക്കാൻ കൊണ്ടുപോയ ശ്രീ. അനിൽ കുമാറിനോട് വെള്ളിയാഴ്ചത്തെ പേ-ഇൻ-സ്ലിപ്പ് കൂടി ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിനു ശ്രീ. ജെർഷിൻ ജെറി നിർദേശിക്കുകയുണ്ടായി.
- തിരികെ ഓഫീസിൽ എത്തിയ ശ്രീ. അനിൽ കുമാർ ബാങ്കിൽ നിന്നും യാതൊരു വിധ പേ-ഇൻ-സ്ലിപ്പുകളും നഗരസഭയ്ക്ക് തിരികെ നൽകാൻ ഇല്ലാത്തതാണ് എന്ന് ബാങ്കിൽ നിന്നും വിവരം നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.
- 11.12.2020-ലെ പേ-ഇൻ-സ്ലിപ്പ് ലഭിച്ചിട്ടില്ലായെന്ന വിവരം ഞാൻ രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്.
- ടി സ്ലിപ്പ് തുടർന്ന് ലഭിക്കാത്തതിനാൽ 11.12.2020-ലെ തിയതി വയ്ച്ച്, 29.03.2021-ൽ ചാർജ് ഓഫീസർ ഒപ്പുവയ്ച്ച ഒരു സ്ലിപ്പ് ബാങ്കിൽ നൽകി റൗണ്ട് സീൽ പതിപ്പിച്ചു വാങ്ങി രജിസ്റ്ററിൽ ചേർത്ത് ഒട്ടിച്ചുവയ്ക്കുകയുണ്ടായി.
- ഓഫീസ് കാഷ്യർ എന്ന നിലയ്ക്ക് ഞാന് 11.12.2020-ൽ എന്റെ പ്രവൃത്തി നിർവഹിച്ചിട്ടുള്ളതും, അന്നേ ദിവസത്തെ കളക്ഷൻ തുക ബാങ്കിൽ ഒടുക്കുന്നതിനു ശ്രീ. ജോർജ് കുട്ടിയെ എല്പിച്ചിട്ടുള്ളതുമാണ്. ടി വിവരങ്ങൾ ബോധിപ്പിച്ചുകൊള്ളുന്നു.

**<u>കണ്ടെത്തലുകൾ.</u>**

- <u>ആറ്റിപ്ര സോണൽ ചാർജ് ഓഫീസറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ.</u>
  1. ബഹു: നഗരസഭാ സെക്രട്ടറി,1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 50(2)-ാം വകുപ്പ് പ്രകാരം സെക്രട്ടറിയുടെ അധികാരങ്ങളും കടമകളും ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർക്ക് നൽകി ഉത്തരവായിട്ടുള്ളതാണ്.
  2. ടി ഉത്തരവിലെ She/He will supervise and control the work of ministerial and executive staff of Attipra Zonal Office എന്ന നിർദേശപ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർ ടി കടമ നിർവഹിച്ചിട്ടില്ല.
  3. ടി ഉത്തരവിലെ Verify daily collection and to remit the same in the Corporation account of SBI Branch എന്ന നിർദേശപ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർ ടി കടമ നിർവഹിച്ചിട്ടില്ല.
  4. എല്ലാ ദിവസവും ബാങ്കിൽ തുക ഒടുക്കുവരുത്തിയതിന്റെ രസീത് ചാർജ് ഓഫീസർ നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിരുന്നില്ല.

5. ടി സോണൽ ഓഫീസിലെ പ്രതിദിന കളക്ഷൻ തുക യഥാസമയം ബാങ്കിൽ ഒടുക്കുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന വിവരം ചാർജ് ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
6. ശ്രീ. ജോർജ് കുട്ടി 11.12.2020 ന് ശേഷം ഡിസംബർ മാസം ഒരു ദിവസവും ഓഫീസിൽ ഹാജരായിട്ടില്ലായെന്ന് ടി മാസത്തെ അറ്റെൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കാണാൻ കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ ടി വിവരം മേലധികാരികൾ മുമ്പാകെ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല.

- <u>കാഷ്യർ ശ്രീമതി. അഖില ചന്ദ്രൻ</u>

1. 11.12.2020-ൽ തുക ഒടുക്കിയത് സംബന്ധിച്ച് രസീത് പരിശോധിച്ച് ടി തുക ബാങ്കിൽ ഒടുക്കുവരുത്തിയിട്ടുണ്ട് എന്നത് ഉറപ്പുവരുത്തിയിട്ടില്ല.
2. സോണൽ ഓഫീസിലെ 11.12.2020-ലെ കളക്ഷൻ തുക യഥാസമയം ബാങ്കിൽ ഒടുക്കുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന വിവരം മേലധികാരിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.
3. 11.12.20-ലെ തുക ഒടുക്കിയത് സംബന്ധിച്ച് ബാങ്കിൽ നിന്നോ, അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നോ ഉറപ്പ് ലഭ്യമാക്കാതെ, 11.12.2020-ലെ തിയതി വച്ച്, 29.03.2021-ൽ ചാർജ് ഓഫീസർ ഒപ്പുവയ്ച്ച ഒരു സ്ലിപ്പ് ബാങ്കിൽ നൽകി റൗണ്ട് സീൽ പതിപ്പിച്ചു വാങ്ങി രജിസ്റ്ററിൽ ചേർത്ത് ഒട്ടിച്ചു വച്ച് നഗരസഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനു ഇട നൽകി.

<u>സംഗ്രഹം</u>

1. നഗരസഭാ ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ ചാർജ് ഓഫീസറായ ശ്രീമതി. സുമതി, ഓഫീസ് കാഷ്യർ ശ്രീമതി. അഖില ചന്ദ്രൻ എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്.
2. നഗരസഭാ ഫണ്ട് സമയബന്ധിതമായി ബാങ്കിൽ ഒടുക്കു വരുത്തിയിട്ടുണ്ടോ എന്ന് ടി ജീവനക്കാർ ഉറപ്പു വരുത്തിയിട്ടില്ല.
3. ശ്രീ. ജോർജ് കുട്ടി (ഓഫീസ് അറ്റന്റന്റ്, ആറ്റിപ്ര സോണൽ) നഗരസഭാ ഫണ്ട് സമയബന്ധിതമായി ബാങ്കിൽ ഒടുക്കിയില്ല എന്ന് സംശയം തോന്നിയിരുന്നു എങ്കിൽ ടി വിവരം മേലധികാരികളെ രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടികൾ ചാർജ് ഓഫീസർ, ഓഫീസ് കാഷ്യർ എന്നിവർ സ്വീകരിച്ചില്ല.
4. കൂടാതെ 11.12.20-ലെ തുക ഒടുക്കിയത് സംബന്ധിച്ച് ബാങ്കിൽ നിന്നോ, അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നോ ഉറപ്പ് ലഭ്യമാക്കാതെ, 11.12.2020-ലെ തിയതി വച്ച്, 29.03.2021-ൽ

ചാർജ് ഓഫീസർ ഒപ്പവച്ച ഒരു സ്ലിപ്പ് ബാങ്കിൽ നൽകി റൗണ്ട് സീൽ പതിപ്പിച്ച വാങ്ങി രജിസ്റ്ററിൽ ചേർത്ത് ഒട്ടിച്ച് വച്ച് നഗരസഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനു ഇട നൽകി. Dated സീലിനു പകരം റൗണ്ട് സീൽ പതിപ്പിച്ച സ്ലിപ്പ് ആധികാരികമല്ല എന്നതിനാൽ ആയതിന് ചാർജ് ഓഫീസർ, കാഷ്യർ എന്നിവർ മാത്രമാണ് ഉത്തരവാദികൾ.

5. കുറ്റാരോപിതരായ എല്ലാ ജീവനക്കാരുടെയും പ്രവൃത്തി നഗരസഭയുടെ സൽപ്പേരിനു കളങ്കം വരുത്തിയിട്ടുള്ളതാണ്.
6. ശ്രീമതി. സുമതി 30.10.2021-ൽ കോവിഡ് ബാധിതയായി മരണപ്പെട്ടിട്ടുള്ളതും, ശ്രീ. ജോർജ് കുട്ടി 03.02.2022-ൽ മരണപ്പെട്ടിട്ടുള്ളതുമാണ്.

**<u>ശുപാർശകൾ.</u>**

1. നഗരസഭയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ചും, നഗരസഭയുടെ സല്‌പേര് കളങ്കപ്പെട്ടതിനും കുറ്റാരോപിതർ ആയ ശ്രീമതി. സുമതി, ശ്രീമതി. അഖില ചന്ദ്രൻ, ശ്രീ. ജോർജ് കുട്ടി എന്നിവർ എല്ലാം കുറ്റക്കാരാണെന്ന് കാണുന്നു.
2. ആറ്റിപ്ര സോണൽ ഓഫീസിലെ 11.12.2020-ലെ കളക്ഷൻ തുകയായ 1,09,836/- രൂപ ഒടുക്കേണ്ട തിയതിമുതലുള്ള നിയമാനുസൃതമായ പലിശ സഹിതം ടി ജീവനക്കാരിൽ നിന്നും/ മരണപ്പെട്ട ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കാവുന്നതാണ്.
3. ഔദ്യോഗിക കൃത്യനിർവഹണത്തിൽ കുറ്റാരോപിതരായ ജീവനക്കാർക്ക് ഉണ്ടായ ഗുരുതരമായ വീഴ്ചയ്ക്ക് വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ നോട്ട് നല്കാവുന്നതാണ്.

**അക്കൗണ്ട്സ് ഓഫീസർ**
**തിരുവനന്തപുരം നഗരസഭ**

2/GA7/5956/2021 തീയതി: 09.03.2022

**ശ്രീകാര്യം സോണൽ ഓഫീസിലെ സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് ബഹു.സെക്രട്ടറി ചുമതലപ്പെടുത്തി ഉത്തരവായതിന്മേൽ നഗരസഭ അക്കൌണ്ട്സ് ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്**

തിരുവനന്തപുരം നഗരസഭ ശ്രീകാര്യം സോണൽ ഓഫീസിൽ 22.06.2021-ൽ ബാങ്കിൽ ഒടുക്കിയ Pay-in-slip-ലെ അപാകത പരിശോധിച്ചതിൽ ടി തുക ബാങ്കിൽ ഒടുക്കിയതായി കാണാൻ കഴിഞ്ഞില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സോണൽ ആർ.ഐ ബഹു: നഗരസഭാ സെക്രട്ടറി മുമ്പാകെ റിപ്പോർട്ട് നൽകുകയും, നഗരസഭാ അക്കൗണ്ട്സ് വിഭാഗം പ്രാഥമിക പരിശോധന നടത്തുകയും, ടി വിഷയത്തിൽ ക്രമക്കേടുകൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ വിശദമായ പരിശോധന നടത്തുന്നതിന് ബഹു: സെക്രട്ടറി നഗരസഭാ ഓഡിറ്റ് വിഭാഗത്തിന് കത്ത് നൽകുകയും ചെയ്യുകയുണ്ടായി.

തുടർന്ന് നഗരസഭ ഓഡിറ്റ് വിഭാഗം പരിശോധന നടത്തി ശ്രീകാര്യം സോണൽ ഓഫീസിലെ കളക്ഷൻ തുക 22/01/2021, 01/02/2021, 04/03/2021, 16/04/2021, 29/04/2021, 06/07/2021 എന്നീ ദിവസങ്ങളിൽ ബാങ്കിൽ ഒടുക്കുവരുത്തിയിട്ടില്ല എന്നും, ആയതിനാൽ ടി കളക്ഷൻ ഇനത്തിലുള്ള തുകയായ 5,12,785 രൂപ നഗരസഭയുടെ അക്കൌണ്ടിൽ വരവ് വന്നിട്ടില്ല എന്നും, കൂടാതെ 22/06/2021 ലെ കളക്ഷൻ തുകയായ 1,74,945 രൂപ 16/07/2021- ലാണ്ബാങ്കിൽ ഒടുക്കുവരുത്തിയിട്ടുള്ളത് എന്നും കാട്ടി സീനിയർ ഡെപ്യൂട്ടി ഡയറക്ടർ - നഗരസഭ ഓഡിറ്റ് കാര്യാലയം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - 18/08/2021-ൽ KSA 642/TVC9/2021 ആയി കത്ത് നൽകുകയുണ്ടായി. തുടർന്ന് ടി കത്തിന്റെ അടിസ്ഥാനത്തിൽ ചാർജ് ഓഫീസർ ഉൾപ്പെടെ 3 ജീവനക്കാരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, പോലീസിൽ പരാതി നൽകി ടി കേസ് തുടർന്ന് വരുകയുമാണ്.

കൂടാതെ ടി വിഷയത്തിൽ ബഹു. സെക്രട്ടറി, നഗരസഭ അക്കൌണ്ട്സ് ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി 03/09/2021-ൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്നും, ആയതിനാൽ ടി വിഷയത്തിൽ വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 13/09/2021-ൽ നഗരസഭ പി.എട്ടു സെക്രട്ടറി GA7/5956/2021 പ്രകാരം കുറിപ്പ് നൽകുകയുണ്ടായി.

നഗരസഭാ രേഖകൾ പരിശോധിച്ചതിൽ ടി കാലയളവിലെ ചാർജ് ഓഫീസർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീമതി. ലളിതാംബിക (ആർ.ഒ-II ആന്റ് ചാർജ് ഓഫീസർ) - 16.09.2020 മുതൽ 11.06.2021 വരെ.
2. ശ്രീ. സുനിൽ കുമാർ ജി. (റവന്യൂ ഇൻസ്പെക്ടർ, ചാർജ് ഓഫീസറുടെ അധിക ചുമതല) – 25.06.2021 മുതൽ 22.07.2021 വരെ.

215



തുടർന്ന് ശ്രീമതി. ലളിതാംബികയെ 29/11/2021-ന് പകൽ 11.00 മണിയ്ക്കും, ശ്രീ. ബിജു. റ്റി.(ഓഫീസ് അറ്റന്റന്റ്, ശ്രീകാര്യം സോണൽ) -യെ 29/11/2021-ന് ഉച്ചയ്ക്ക് 12.00 മണിയ്ക്കും, ശ്രീ. അനിൽ കുമാർ (ഓഫീസ് കാഷ്യർ, ശ്രീകാര്യം സോണൽ) -നെ 29/11/2021-ന് ഉച്ചയ്ക്ക് ശേഷം 2.30നും നേരിൽ കേൾക്കുന്നതിന് അറിയിപ്പ് നൽകുകയുണ്ടായി.

ശ്രീമതി. ലളിതാംബിക (മുൻ ചാർജ്ജ് ഓഫീസർ, ശ്രീകാര്യം സോണൽ) 29/11/2021-ൽ ഹാജരായി നൽകിയ മൊഴിയുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- **"എല്ലാ ദിവസവും ബാങ്കിൽ തുക ഒടുക്കുന്നതിന് കാഷ്യർ ഹാജരാക്കുന്ന PAY-IN-SLIP,അതാത് ദിവസത്തെ Counter day Book,Daily Head wise consolidation Statement എന്നിവ പരിശോധിച്ചതിന് ശേഷമാണ് ഒപ്പിട്ട് നൽകുന്നത്. ബാങ്കിൽ തുക ഒടുക്കിയതിനുശേഷം തിരികെ എത്തിക്കുന്ന Counterfoil കാഷ്യർ ആണ് നേരിട്ട് വാങ്ങി ബുക്കിൽ ഒട്ടിച്ച് വയ്ക്കുന്നത്. എല്ലാ ദിവസവും കളക്ഷൻ ഒടുക്കിയതിന്റെ Counterfoil പരിശോധനയ്ക്ക് സമർപ്പിക്കുന്നതിന് കാഷ്യർക്ക് നിർദേശം നല്കിയിരുന്നെങ്കിലും ടിയാൻ പല ദിവസങ്ങളിലെയും കളക്ഷൻ സ്ലിപ്പ് ബുക്കിൽ അടുത്തടുത്തായി ഒട്ടിച്ച് വച്ചിട്ടുള്ളതാണ് ഹാജരാക്കിയിട്ടുള്ളത്. Covid-19 ന്റെ പശ്ചാത്തലത്തിൽ പല ദിവസങ്ങളിലെയും കളക്ഷൻ വിവരങ്ങൾ കാഷ്യർ ഒത്ത് ഒരു ദിവസം സമർപ്പിക്കുന്നതിനാൽ പരിശോധനയിൽ അപാകത നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.**
- **കാഷ്യർ,അതാത് ദിവസത്തെ Counter day Book, Daily Head wise consolidation Statement, PAY-IN-SLIP എന്നിവ ഹാജരാക്കുകയും, Counter day Book, Daily Head wise consolidation Statement എന്നിവ പരിശോധിച്ച് PAY-IN-SLIP ചാർജ്ജ് ഓഫീസർ ഒപ്പുവച്ച് നൽകുകയും തുടർന്ന് തുക ബാങ്കിൽ ഒടുക്കിയതിന്റെ Counterfoil കാഷ്യർ സൂക്ഷിച്ച് വയ്ക്കുകയും ചെയ്യുന്ന രീതിയാണ് മുൻപ് മുതൽ ടി ഓഫീസിൽ സ്വീകരിച്ചിരുന്നത്.**
- **ശ്രീ. ബിജു, ടി ഓഫീസിൽ ഓഫീസ് അറ്റെൻഡന്റ് ആയി ജോലിയിൽ പ്രവേശിച്ചതിന് ശേഷമാണ് ടി ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ആയതിനു മുൻപ് ഇത്തരത്തിൽ യാതൊരുവിധ ആരോപണവും ഉണ്ടായിട്ടില്ലാത്തതാണ്.**
- **ഞാൻ ശ്രീകാര്യം സോണൽ ചാർജ് ഓഫീസർ ആയിരിക്കെ 11.06.2021-ൽ ഉദ്യോഗക്കയറ്റം ലഭിച്ച് കൊല്ലം നഗരസഭയിലേയ്ക്ക് സ്ഥലം മാറിപ്പോയിട്ടുള്ളതാണ്. ആയതിനു ശേഷവും 06.07.2021-ൽ കളക്ഷൻ തുകയായ ₹ 1,15,475/- ഒടുക്കിയതിൽ ക്രമക്കേട് നടന്നിട്ടുള്ളതായി കണ്ടെത്തിയതിനാൽ ടി തുകകൾ ഒടുക്കുന്നത് സംബന്ധിച്ച് നടന്ന കൃത്യവിലോപത്തിൽ എനിക്ക് പങ്കില്ലാത്തതാണ് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.**
- **31.05.2022 –ൽ ഞാൻ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ മേൽപറഞ്ഞ വസ്തുതകൾ പരിഗണിച്ച് തുടർനടപടികളിൽ നിന്നും എന്നെ ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു."**

ശ്രീ. ബിജു,(ഓഫീസ് അറ്റന്റന്റ്, ശ്രീകാര്യം സോണൽ) 29/11/2021-ൽ ഹാജരായി നൽകിയ മൊഴിയുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- **"തുക ഒടുക്കുന്നതിൽ അപാകത റിപ്പോർട്ട് ചെയ്തിട്ടുള്ള ആദ്യത്തെ ദിവസം കാഷ്യർ, തുക ഒടുക്കുന്നതിനായി നൽകിയ Pay-in-slip, കാഷ് എന്നിവ കാഷ്യറുടെ അടുത്തുള്ള Drawer-ൽ വച്ചിട്ട് ഓഫീസിലെ മറ്റ് ജോലികൾ നിർവഹിക്കുകയും, തുടർന്ന് ബാങ്കിൽതുക ഒടുക്കുവാൻ പോകുകയും ചെയ്യു.**

slip വാങ്ങി തുക എഴുതി ബാങ്കിൽ ഒടുക്കുകയാണ് ഉണ്ടായത്. തൊട്ടടുത്ത ദിവസം മേശ പരിശോധിച്ചപ്പോൾ മേശവലിപ്പിൽ 30,000/- രൂപ ഇരിക്കുന്നത് കണ്ടു. ഞാൻ ആ തുക എടുത്തു ചെലവഴിച്ചു. യഥാർത്ഥ Pay-in-slipകിട്ടിയപ്പോഴേയ്ക്കും ടി തുക എന്റെ പക്കൽ നിന്നും ചെലവായിക്കഴിഞ്ഞു.

- അങ്ങനെ പലദിവസങ്ങളിലും ബാങ്കിൽ ഒടുക്കുവാൻ തന്ന തുകയിൽ നിന്നും ഞാൻ സ്വന്തം നിലയ്ക്ക് ഒരു തുക എടുത്തശേഷം, ബാക്കി തുകയ്ക്ക് സ്വന്തമായി ചെല്ലാൻ എഴുതി തുക ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്.
- ചെലാനുകൾ കാഷ്യറേയോ, ചാർജ് ഓഫീസറേയോ കാണിക്കാതെ ബുക്കിൽ ഒട്ടിച്ച് വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ടി കളക്ഷൻ തുക ഞാൻ പലതവണയായി എടുത്തിട്ടുണ്ടെങ്കിലും ആയതിൽ കുറച്ച് തുക തിരികെ ഒടുക്കിയിട്ടുള്ളതാണ്.
- ടി ഓഫീസിൽ നിന്നും തുക നഷ്ടപ്പെട്ടിട്ടുള്ളതിൽ ചാർജ് ഓഫീസർക്കോ, കാഷ്യർക്കോ യാതൊരു പങ്കുമില്ലാത്തതാണ്. ടി തുകകൾ എല്ലാം ഞാൻ സ്വന്തം നിലയ്ക്കാണ് എടുത്തിട്ടുള്ളത്.
- ചാർജ് ഓഫീസറോ, കാഷ്യറോ ചലാൻ പരിശോധിക്കാത്തതിനാൽ ഞാൻ ഇത്തരത്തിൽ തുക എടുത്തിരുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
- ടി തുകകൾ ഞാൻ എടുത്തിട്ടുള്ളതിനാൽ അന്വേഷണത്തിൽ തിരികെ ഒടുക്കേണ്ടതായി കണ്ടെത്തുന്ന തുക ഞാൻ ഒടുക്കുന്നതിനു സമ്മതിച്ചുകൊള്ളുന്നു. സാഹചര്യങ്ങൾ മൂലം എന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മാപ്പാക്കി തുടർനടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു."

ശ്രീ.അനിൽ കുമാർ എസ്. (ഓഫീസ് കാഷ്യർ, ശ്രീകാര്യം സോണൽ) 29/11/2021-ൽ ഹാജരായി നൽകിയ മൊഴിയുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- "ഒരു ദിവസത്തെ ബാങ്ക് Remittance Slip പരിശോധിച്ചതിൽ സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ ടി വിവരം സോണൽ റവന്യൂ ഇൻസ്പെക്ടറെ അറിയിക്കുകയും, തുടർന്ന് ബാങ്കിൽ അന്വേഷിച്ചതിൽ ടി തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്നറിയാൻ കഴിയുകയും ചെയ്തു.
- എന്നാൽ ആയതിനു മുൻപുള്ള ദിവസങ്ങളിലെ രസീതുകൾ പരിശോധിക്കുകയുണ്ടായില്ല.
- ബാങ്കിൽ തുക ഒടുക്കി എന്ന് അവകാശപ്പെട്ട് ശ്രീ. ബിജു നൽകിയ Counterfoil ഒന്നും ഞാൻ പരിശോധിച്ചിട്ടില്ലാത്തതാണ്.ആയത് എന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച തന്നെയാണ്.
- ടി ദിവസങ്ങളിൽ ശ്രീ. ബിജു നൽകിയ ബാങ്ക് സ്ലിപ്പുകളിൽ ബാങ്ക് സീൽ ഇല്ലായിരുന്നു എന്ന വിവരം എനിക്കറിയില്ലായിരുന്നു. ആയത് ഓഡിറ്റ് അധികൃതർ റിപ്പോർട്ട് ചെയ്തപ്പോഴാണ് അറിയാന് കഴിഞ്ഞത്.
- എന്റെ അറിവില്ലായ്മ മൂലം സംഭവിച്ച ടി വിഷയങ്ങൾ മേൽവസ്തുത കണക്കിലെടുത്ത് മാപ്പാക്കി എന്നെ സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു."

കൂടാതെ 30/11/2021-ൽ പി.എ റ്റു സെക്രട്ടറി നൽകിയ GA7/5956/2021 നമ്പർ കുറിപ്പ് പ്രകാരം ലഭ്യമാക്കിയ ശ്രീ. ബിജു സമർപ്പിച്ചിട്ടുള്ള മറുപടിയുടെ പകർപ്പ് പരിശോധിച്ചതിൽ ടിയാന്റെ

ടിയാൻ മാപ്പ് ചോദിക്കുന്നതായും, മേലിൽ ഇത്തരം വീഴ്ച ടിയാന്റെ ഭാഗത്തു നിന്നുണ്ടാകില്ലായെന്നും, ടിയാനെ തുടർന്ന് ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുള്ളതാണ്.

ടി ആരോപണ വിധേയരെ നേരിൽ കേൾക്കുന്നതിനു മുമ്പായി ടി ദിവസങ്ങളിലെ ശ്രീകാര്യം സോണൽ ഓഫീസിലെ അറ്റെൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ്, ടി ദിവസങ്ങളിൽ തുക ബാങ്കിൽ ഒടുക്കിയതിന്റെ വിവരങ്ങൾ, ടി ദിവസങ്ങളിലെ ബാങ്ക് സ്ലിപ്പിന്റെ പകർപ്പ് എന്നിവ സോണൽ ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമാക്കുന്നതിന് കുറിപ്പ് നല്കിയതിന്മേൽ 30/12/2021-ൽ ടി സോണൽ ചാർജ് ഓഫീസർ SZO/B6/8101/2021 നമ്പർ കുറിപ്പ് മുഖേന ടി ദിവസങ്ങളിലെ അറ്റെൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുകയുണ്ടായി. എന്നാൽ ടി ദിവസങ്ങളിൽ തുക ബാങ്കിൽ ഒടുക്കിയതിന്റെ സ്ലിപ്പ് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ അന്വേഷണത്തിന്റെ ഭാഗമായി നൽകിയിട്ടുള്ളതിനാൽ ടി രേഖകൾ ലഭ്യമല്ല എന്നും ടി കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തോടനുബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 23.01.21, 02.02.21, 05.03.21 എന്നീ ദിവസങ്ങളിലെ Pay-in-slip ശ്രീമതി. ലളിതാംബിക ഒപ്പുവച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ 17.04.21, 20.04.21, 06.07.21 എന്നീ ദിവസങ്ങളിലെ Pay-in-slip ഒപ്പുവച്ചിട്ടുള്ളത് ആരാണ് എന്ന് വ്യക്തമല്ലാത്തതാണ്.

തുടർന്ന് സോണൽ റവന്യൂ ഇൻസ്പെക്ടറായ ശ്രീ. സുനിൽ കുമാർ ജി.-യെ 25.01.2022 പകൽ 11:00 മണിക്ക് നേരിൽ കേൾക്കുന്നതിനു അറിയിപ്പ് നൽകുകയുണ്ടായി.

ശ്രീ.സുനിൽ കുമാർ ജി. (റവന്യൂ ഇൻസ്പെക്ടർ, ശ്രീകാര്യം സോണൽ) 29/11/2021-ൽ ഹാജരായി നൽകിയ മൊഴിയുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- **"സോണൽ റവന്യൂ ഇൻസ്പെക്ടറായ എനിക്ക് താൽകാലികമായി സോണൽ ചാർജ് ഓഫീസറുടെ അധിക ചുമതല നൽകിയിരുന്നു. 25.06.2121-ന് ആണ് എനിക്ക് നിലവിലെ ചാർജ് ഓഫീസർ കാഷ് ഉൾപ്പെടെയുള്ള ചാർജ് രേഖാമൂലം നൽകിയത്.**
- **ആയതിന്റെ ഭാഗമായി ഓഫീസിലെ ദിവസേനയുള്ള കളക്ഷൻ ബാങ്കിൽ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.**
- **ഓഫീസിലെ ദിവസേനയുള്ള കളക്ഷൻ ബാങ്കിൽ ഒടുക്കുന്നതിനു കാലതാമസം വരുന്നതായും, ബാങ്കിൽ തുക ഒടുക്കിയ സ്ലിപ്പുകളിൽ വ്യക്തമായ സീൽ, തിയതി എന്നിവ കാണാതിരിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുള്ളതാണ്.**
- **22.06.21-ലെ ₹ 1,74,945/- ഒടുക്കു വരുത്തിയ സ്ലിപ്പിൽ സീൽ ചെയ്തിരുന്നത് ശരിയായ രീതിയിൽ അല്ല എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിവരം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനു കാഷ്യർ ആയ**

- ആയതിന് ടിയാൻ നൽകിയ മറുപടിയിൽ Covid കാരണം ബാങ്ക് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ മാത്രം പ്രവർത്തിക്കുന്നത് കൊണ്ടാണ് അടുത്ത ദിവസം തുക ഒടുക്കുവാൻ കഴിയാത്തത് എന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ രണ്ടിൽ കൂടുതൽ ദിവസം കാലതാമസം വന്നിട്ടുള്ള അവസ്ഥയും ഉള്ളതായി കാണുന്നു.
- ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 22.06.21-ലെ ₹ 1,74,945/- ഒടുക്ക വന്നിട്ടില്ല എന്ന് കണ്ടതിനാൽ അന്നേ ദിവസം തുക ബാങ്കിൽ ഒടുക്കുവാൻ പോയ ശ്രീ. ബിജുവുമായി ബന്ധപ്പെട്ടപ്പോൾ ടിയാൻ ടി തുക ആ ദിവസം നഷ്ടപ്പെട്ടതായും, ആയതിനാൽ ബാങ്കിൽ ഒടുക്കുവാന് കഴിഞ്ഞില്ല എന്നും തുടർന്ന് 16.07.21-ൽ ടി തുക ബാങ്കിൽ ഒടുക്കി സ്ലിപ്പ് കാഷ്യർ പക്കൽ ഏൽപ്പിച്ചിട്ടുള്ളതായും അറിയിച്ചിട്ടുള്ളതാണ്.
- ടി വിവരം 16.07.21-ൽ ബഹു: സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.
- തുടർന്ന് 2021 ജൂലായ് മാസത്തെ കളക്ഷൻ യഥാസമയം ബാങ്കിൽ ഒടുക്കുവരുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനു കാഷ്യർ ആയ ശ്രീ. അനിൽ കുമാറിന് കുറിപ്പ് നൽകുകയുണ്ടായി. തുടർന്ന് 2021 ജൂലായ് മാസം എല്ലാ ദിവസത്തെയും കളക്ഷൻ ബാങ്കിൽ ഒടുക്കിയിട്ടുള്ളതായി രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.
- ബഹു: സെക്രട്ടറിയ്ക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സോണൽ ഓഫീസിലെ പരിശോധനയ്ക്ക് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുകയും, തുടർന്ന് ഓഡിറ്റ് പരിശോധനയിലാണ് മറ്റു ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുള്ളത്.
- 22.07.2021-ലെ GA1/GD1/7575/2012 ഉത്തരവ് പ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ശ്രീമതി. ശ്രീകല കെ.വി-യ്ക്ക് നൽകിയിട്ടുള്ളതാണ്.

## കണ്ടെത്തലുകൾ.

- ശ്രീകാര്യം സോണൽ ചാർജ് ഓഫീസറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ.

1. ബഹു: നഗരസഭാ സെക്രട്ടറി,1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 50(2)-ാം വകുപ്പ് പ്രകാരം സെക്രട്ടറിയുടെ അധികാരങ്ങളും കടമകളും ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർക്ക് നൽകി ഉത്തരവായിട്ടുള്ളതാണ്.
2. ടി ഉത്തരവിലെ She/He will supervise and control the work of ministerial and executive staff of Sreekaryam Zonal Office എന്ന നിർദേശപ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർ ടി കടമ നിർവഹിച്ചിട്ടില്ല.
3. ടി ഉത്തരവിലെ Verify daily collection and to remit the same in the Corporation account of SBI Branch എന്ന നിർദേശപ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ഓഫീസർ ടി കടമ നിർവഹിച്ചിട്ടില്ല.
4. എല്ലാ ദിവസവും ബാങ്കിൽ തുക ഒടുക്കുവരുത്തിയതിന്റെ രസീത് ചാർജ് ഓഫീസർ നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിരുന്നില്ല.

5. ടി സോണൽ ഓഫീസിലെ പ്രതിദിന കളക്ഷൻ തുക യഥാസമയം ബാങ്കിൽ ഒടുക്കവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന വിവരം ചാർജ് ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

- കാഷ്യർ

1. എല്ലാ ദിവസവും തുക ഒടുക്കിയത് സംബന്ധിച്ച് രസീതുകൾ പരിശോധിച്ച് ടി തുകകൾ ബാങ്കിൽ ഒടുക്കവരുത്തിയിട്ടുണ്ട് എന്നത് ഉറപ്പുവരുത്തിയിട്ടില്ല.
2. 2021 ജൂലൈ മാസത്തെ ബാങ്ക് Pay-in-slip-ൽ സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ ആർ.ഐ റിപ്പോർട്ട് ആവശ്യപ്പെട്ട വേളയിൽ മുൻമാസങ്ങളിലെ രസീത് പരിശോധിച്ചില്ല.
3. തുകൾ യഥാസമയം ഒടുക്കാത്തത് സംബന്ധിച്ച് ആർ.ഐ റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ കോവിഡിന്റെ പശ്ചാത്തലത്തിൽ ബാങ്ക് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ആണ് പ്രവർത്തിച്ചിരുന്നത് എന്ന് റിപ്പോർട്ട് നൽകുകയുണ്ടായി. എന്നാൽ തുക ഒടുക്കുന്നതിൽ രണ്ടിൽ കൂടുതൽ ദിവസം കാലതാമസം വന്നിട്ടുള്ളതായി ആർ.ഐ ഹിയറിങ്ങിന് ഹാജരായ വേളയിൽ മൊഴി നൽകിയിട്ടുള്ളതാണ്.
4. സോണൽ ഓഫീസിലെ പ്രതിദിന കളക്ഷൻ തുക യഥാസമയം ബാങ്കിൽ ഒടുക്കവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന വിവരം മേലധികാരിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

- ഓഫീസ് അറ്റൻറൻറ്

1. നഗരസഭ ഫണ്ടിൽ ലഭിച്ച തുക സമയബന്ധിതമായി ഒടുക്കുന്നതിനു നൽകിയ ചെലാനുകളിൽ സ്വമേധയാ തിരിമറി നടത്തി.
2. തുക ഒടുക്കുന്നതിനു പകരം ടി തുക അപഹരിച്ച് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കി.
3. ഉത്തരവാദിത്വമുള്ള നഗരസഭ ജീവനക്കാരൻ എന്ന നിലയിൽ പെരുമാറാത്തതിനാല് ടിയാന്റെ ടി പ്രവർത്തി നഗരസഭയ്ക്ക് മുഴുവനായി ദുഷ്പേര് കേൾപ്പിക്കുന്നതിന് കാരണമായി.
4. 22/06/21-ലെ തുക ഒടുക്കവരുത്തുന്നതിൽ വന്ന വീഴ്ച ആർ.ഐ കണ്ടെത്തിയപ്പോൾ ടി തുക 16/07/2021-ലാണ് ഒടുക്കിയത്.
5. നഗരസഭ ചാർജ്ജ് ഓഫീസറേയും , കാഷ്യറേയും തെറ്റിദ്ധരിപ്പിക്കുന്നതിന് ടിയാന്റെ പ്രവർത്തി കാരണമായി.

- റവന്യൂ ഇൻസ്പെക്ടർ

1. 22.06.21-ലെ കളക്ഷൻ സംബന്ധിച്ച് അപാകത കണ്ടെത്തിയെങ്കിലും, 06/07/2021-ലെ കളക്ഷൻ തുക നഗരസഭാ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഉറപ്പു വരുത്തിയിട്ടില്ല.

**സംഗ്രഹം**

1. നഗരസഭാ ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ ചാർജ് ഓഫീസർമാരായ ശ്രീമതി. ലളിതാംബിക, ശ്രീ. സുനിൽ കുമാർ, ഓഫീസ് കാഷ്യർ ശ്രീ. അനിൽ കുമാർ എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്.
2. നഗരസഭാ ഫണ്ട് സമയബന്ധിതമായി ബാങ്കിൽ ഒടുക്ക വരുത്തിയിട്ടുണ്ടോ എന്ന് ടി ജീവനക്കാർ ഉറപ്പു വരുത്തിയിട്ടില്ല.
3. ശ്രീ. ബിജു (ഓഫീസ് അറ്റന്റന്റ്, ശ്രീകാര്യം സോണൽ) നഗരസഭാ ഫണ്ട് സമയബന്ധിതമായി ബാങ്കിൽ ഒടുക്കാതെ ടി രേഖകളിൽ കൃത്രിമത്വം കാട്ടുകയും, വ്യാജരേഖ ചമയ്ക്കുകയും ചെയ്തു.
4. കുറ്റാരോപിതരായ എല്ലാ ജീവനക്കാരുടെയും പ്രവൃത്തി നഗരസഭയുടെ സൽപ്പേരിനു കളങ്കം വരുത്തിയിട്ടുള്ളതാണ്.
5. ശ്രീ. സുനിൽ കുമാർ (ആർ.ഐ)-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീകാര്യം ഉൾപ്പെടെയുള്ളനഗരസഭയിലെ മറ്റു സോണൽ ഓഫീസുകളിലെയും ക്രമക്കേടുകൾ തുടർന്നുള്ള പരിശോധനകളിൽ കണ്ടെത്താൻ കഴിഞ്ഞത്.എന്നാൽ 22/06/21-ലെ തുക ഒടുക്കവരുത്തുന്നതിൽ വന്ന വീഴ്ച ആർ.ഐ കണ്ടെത്തിയെങ്കിലും, 06/07/2021-ലെ കളക്ഷനിലെ അപാകത കണ്ടെത്തിയിട്ടില്ലാത്തതാണ്.

**ശുപാർശകൾ.**

1. നഗരസഭയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ചും, നഗരസഭയുടെ സല്പേര് കളങ്കപ്പെട്ടതിനും കുറ്റാരോപിതർ എല്ലാം കുറ്റക്കാരാണെന്ന് കാണുന്നു.
2. ശ്രീകാര്യം സോണൽ ഓഫീസിലെ 22/01/2021, 01/02/2021, 04/03/2021, 16/04/2021, 29/04/2021, 06/07/2021 എന്നീ ദിവസങ്ങളിൽ ഒടുക്കേണ്ടതായ കളക്ഷൻ തുകകൾ ആകെ 5,12,785 രൂപ ടി തുകകൾ ഒടുക്കേണ്ട തിയതിമുതലുള്ള നിയമാനുസൃതമായ പലിശ സഹിതം ഈടാക്കേണ്ടതാണ്.
3. ഔദ്യോഗിക കൃത്യനിർവഹണത്തിൽ കുറ്റാരോപിതരായ ജീവനക്കാർക്ക് ഉണ്ടായ ഗുരുതരമായ വീഴ്ചയ്ക്ക് വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ നോട്ട് നല്കാവുന്നതാണ്.

**അക്കൗണ്ട്സ് ഓഫീസർ**
**തിരുവനന്തപുരം നഗരസഭ**

2

A12/GA7/5956/2021 തിയതി: 25.04.2022

PA to Secretary
Municipal Corporation
Thiruvananthapuram

**പി.എ റ്റു സെക്രട്ടറിയുടെ 23.04.2022-ലെ GA7/5956/2021 നം. കുറിപ്പിന്മേൽ നഗരസഭ അക്കൌണ്ട്സ് ഓഫീസർ സമർപ്പിക്കുന്ന പ്രത്യേക റിപ്പോർട്ട്**

ശ്രീകാര്യം സോണൽ ഓഫീസിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് 09.03.2022-ൽ സമർപ്പിച്ചിരുന്ന റിപ്പോർട്ടിനോടൊപ്പം പി.എ റ്റു സെക്രട്ടറിയുടെ 23.04.2022-ലെ GA7/5956/2021 നം. കുറിപ്പിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വസ്തുതകൾ കൂടി ഉൾപ്പെടുത്തുന്നു.

1. ശ്രീകാര്യം സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. സുനിൽ കുമാറിനെ 25.01.2022-ൽ നേരിൽ കേട്ടതിൽ ടിയാൻ നൽകിയ മൊഴിയിൽ **"സോണൽ റവന്യൂ ഇൻസ്പെക്ടറായ എനിക്ക് താൽകാലികമായി സോണൽ ചാർജ് ഓഫീസറുടെ അധിക ചുമതല നൽകിയിരുന്നു. 25.06.2021-ന് ആണ് എനിക്ക് നിലവിലെ ചാർജ് ഓഫീസർ കാഷ് ഉൾപ്പെടെയുള്ള ചാർജ് രേഖാമൂലം നൽകിയത്. 22.07.2021-ലെ GA1/GE1/7575/2012 ഉത്തരവ് പ്രകാരം ടി സോണൽ ഓഫീസിലെ ചാർജ് ശ്രീമതി. ശ്രീകല കെ.വി-യ്ക്ക് നൽകിയിട്ടുള്ളതാണ്."** എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ടി സോണൽ ഓഫീസിലെ അറ്റെൻഡൻസ് രജിസ്റ്റർ പരിശോധിച്ചാൽ ജൂലൈ മാസം ശ്രീമതി. കെ.വി ശ്രീകല ചാർജ് എടുക്കുന്നതിനു മുൻപ് ചാർജ് ഓഫീസർ എന്ന കോളത്തിൽ ആരും ഒപ്പിട്ടിട്ടില്ല എന്നും കാണാൻ കഴിയുന്നതാണ്. ആയതിനാൽ 06.07.2021-ൽ ടിയാൻ ഓഫീസിൽ ഹാജരായിരുന്നതിനാൽ (അറ്റെൻഡൻസ് രജിസ്റ്റർ പ്രകാരം) ടിയാന് ചാർജ് ഓഫീസറുടെ ചാർജ് ഉണ്ടായിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. കൂടാതെ ടി വിവരം നഗരസഭാ പൊതുഭരണ വിഭാഗത്തിലെ രേഖകൾ പരിശോധിച്ച് പി.എ റ്റു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. ശ്രീകാര്യം സോണൽ മുൻ ചാർജ് ഓഫീസർ ശ്രീമതി. ലളിതാംബിക, ടി സോണൽ കാഷ്യർ ശ്രീ. അനിൽ കുമാർ, ടി സോണൽ ഓഫീസ് അറ്റന്റന്റ് ശ്രീ. ബിജു എന്നിവര് നൽകിയ മൊഴി പരിശോധിച്ചാൽ, ശ്രീ. ബിജു ആണ് തുക ബാങ്കിൽ ഒടുക്കാൻ കൊണ്ടുപോയിരുന്നത് എന്ന് വ്യക്തമാണ്. കൂടാതെ ശ്രീ. ബിജു ടിയാന്റെ മൊഴിയിൽ ടി തുകകൾ ടിയാനാണ് എടുത്തിട്ടുള്ളത് എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

ടി വസ്തുതകൾ കൂടി പരിഗണിച്ചാണ് 09.03.2022-ൽ റിപ്പോർട്ട് നൽകിയത്. 09.03.2022-ൽ നൽകിയ റിപ്പോർട്ടും, ഈ റിപ്പോർട്ടും ശ്രീകാര്യം സോണൽ മുൻ ചാർജ് ഓഫീസർ ശ്രീമതി. ലളിതാംബിക, ടി സോണൽ കാഷ്യർ ശ്രീ. അനിൽ കുമാർ, ടി സോണൽ ഓഫീസ് അറ്റന്റന്റ് ശ്രീ. ബിജു, റവന്യൂ ഇൻസ്പെക്ടർ ശ്രീ. സുനിൽ കുമാർ എന്നിവർ നൽകിയ മൊഴിയെയും, ലഭ്യമായ രേഖകളെയും ആസ്പദമാക്കിയാണ് തയാറാക്കിയിട്ടുള്ളത് എന്ന വിവരം കൂടി പരിഗണിക്കേണ്ടതാണ്.

അക്കൌണ്ട്സ് ഓഫീസർ.